2025 FEBRUARY
14
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യയുമായി ചരിത്രത്തിലെ ഏറ്റവും വലിയ വ്യാപാര ഇടനാഴി ആരംഭിക്കും: ട്രംപ്

- യുഎസിൽ നിന്ന് കൂടുതൽ പെട്രോളിയം ഉൽപ്പന്നങ്ങൾ ഇന്ത്യ വാങ്ങും
- ഇന്ത്യ – യുഎസ് പുരോഗതിക്കു വേണ്ടി ഒരുമിച്ച് പ്രവർത്തിക്കും
- തീവ്രവാദത്തിനെതിരെ യോജിച്ച് പ്രവർത്തിക്കും



**വാഷിങ്ടൻ:** ഇന്ത്യയുമായി ചരിത്രത്തിലെ ഏറ്റവും വലിയ വ്യാപാര ഇടനാഴി ആരംഭിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം നടത്തിയ പ്രസ്താവനയിലാണ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനം. മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറും. സൈനികവ്യാപാരം വർധിപ്പിക്കും. എഫ് 35 അടക്കമുള്ള വിമാനങ്ങൾ ഇന്ത്യയ്ക്കു നൽകും. ഇന്ത്യയും യുഎസും തമ്മിൽ മികച്ച വ്യാപാര ബന്ധവും കരാറുകളും പ്രതീക്ഷിക്കുന്നു. ഡോണൾഡ് ട്രംപ് പറഞ്ഞു. മോദിയുടെ പ്രവർത്തനങ്ങളെ ട്രംപ് അഭിനന്ദിച്ചു. താനും മോദിയും ഉറ്റ സുഹൃത്തുക്കളാണെന്നും കഴിഞ്ഞ നാലു വർഷവും സൗഹൃദം നിലനിർത്തിയെന്നും ഡോണൾഡ് ട്രംപ് പറഞ്ഞു.

2030 ആകുമ്പോഴേക്കും ഇന്ത്യ- യുഎസ് വ്യാപാരം ഇരട്ടിപ്പിച്ച് 500 ബില്യൻ ഡോളറിൽ എത്തിക്കാനുള്ള നടപടികൾ ആരംഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. യുഎസിൽ നിന്ന് കൂടുതൽ പെട്രോളിയം ഉൽപ്പന്നങ്ങൾ ഇന്ത്യ വാങ്ങും. ഇന്ത്യ - യുഎസ് പുരോഗതിക്കു വേണ്ടി ഒരുമിച്ച് പ്രവർത്തിക്കും. ട്രംപുമായി യോജിച്ച് പ്രവർത്തിച്ച് ഇന്ത്യ - യുഎസ് ബന്ധം ശക്തിപ്പെടും. ആദ്യഘട്ടത്തെക്കാൾ വേഗത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകും. ഇരു രാജ്യങ്ങളും ഒന്നിച്ച് വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കും. യുഎസും ഇന്ത്യയും സംയുക്തമായി ഭീകരവാദത്തെ നേരിടും. ബോസ്റ്റണിൽ ഇന്ത്യ പുതിയ കോൺസുലേറ്റ് തുടങ്ങും' മോദി പറഞ്ഞു.

വൈറ്റ് ഹൗസിലായിരുന്നു ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ച. വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും പ്രധാനമന്ത്രി മോദിക്കൊപ്പമുണ്ടായിരുന്നു. ഡോണൾഡ് ട്രംപ് വീണ്ടും യുഎസ് പ്രസിഡന്റായി ചുമതലയേറ്റ ശേഷം ഇരുവരും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്.

# വഖഫ് ഭേദഗതി ബിൽ: റിപ്പോർട്ടിന് രാജ്യസഭാ അംഗീകാരം

## പ്രതിഷേധിച്ച് പ്രതിപക്ഷം



**ന്യൂഡൽഹി:** വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട പാർലമെന്ററി സംയുക്ത സമിതി (ജെപിസി) റിപ്പോർട്ടിന് രാജ്യസഭയുടെ അംഗീകാരം. പ്രതിപക്ഷ ബഹളത്തിനിടെയാണ് റിപ്പോർട്ട് അംഗീകരിച്ചത്. ഭേദഗതിയുമായി ബന്ധപ്പെട്ട് പ്രതിപക്ഷ എംപിമാരുടെ വിയോജനക്കുറിപ്പിന്റെ ഭാഗങ്ങൾ ജെപിസി റിപ്പോർട്ടിൽനിന്ന് നീക്കിയെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽ പ്രതിഷേധിച്ചത് നാടകീയ രംഗങ്ങളിലേക്കു നയിച്ചു.

ബില്ലിൽ ഒട്ടേറെ എംപിമാർ വിയോജനക്കുറിപ്പ് നൽകിയിരുന്നെന്നും അവ നീക്കം ചെയ്ത് ഭൂരിപക്ഷത്തിന്റെ തീരുമാനവുമായി മാത്രം മുന്നോട്ടുപോകുന്നത് ജനാധിപത്യവിരുദ്ധവും അപലപനീയവുമാണെന്നും രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ പറഞ്ഞു. അതേസമയം, വിയോജനക്കുറിപ്പുകൾ ഒന്നും റിപ്പോർട്ടിൽനിന്ന് നീക്കിയിട്ടില്ലെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ഇതേ തുടർന്ന് രാജ്യസഭയിൽനിന്ന് പ്രതിപക്ഷ അംഗങ്ങൾ ഇറങ്ങിപ്പോയി. തുടർന്ന് പ്രതിപക്ഷ എംപിമാർ ലോക്സഭ സ്പീക്കർ ഓം ബിർള, മന്ത്രി കിരൺ റിജിജു എന്നിവരുമായി നടത്തിയ ചർച്ചയിൽ വിയോജനക്കുറിപ്പുകൾ ജെപിസി കരട് റിപ്പോർട്ടിൽ പൂർണമായി ഉൾക്കൊള്ളിക്കാൻ ധാരണയായി.

അതേസമയം, സഭയിൽനിന്ന് ഇറങ്ങിപ്പോയ പ്രതിപക്ഷത്തെ വിമർശിച്ച് കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ രംഗത്തെത്തി. വിഷയം ചർച്ച ചെയ്യാൻ പ്രതിപക്ഷത്തിന് ആഗ്രഹമില്ലെന്നും അവർക്ക് രാഷ്ട്രീയ ഉദ്ദേശ്യങ്ങൾ മാത്രമാണുള്ളതെന്നും നഡ്ഡ പറഞ്ഞു. കുറിപ്പുകളൊന്നും നീക്കിയിട്ടില്ലെന്ന് പാർലമെന്ററികാര്യ മന്ത്രി പറഞ്ഞിട്ടും അവർ നിരുത്തരവാദപരമായാണ് പ്രവർത്തിച്ചത്. ഇത് പ്രീണനത്തിന്റെ രാഷ്ട്രീയമാണ്. രാജ്യത്തിന്റെ ഭരണകൂടത്തിനെതിരെ പോരാടാൻ ചിലർ ശ്രമിക്കുന്നുണ്ടോ എന്നതാണ് ചോദ്യോത്തരവേളയിലെ പ്രധാന ചോദ്യമെന്നും നഡ്ഡ പറഞ്ഞു.

# പുതിയ ആദായനികുതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു

**ന്യൂഡൽഹി:** പുതിയ ആദായ നികുതി ബിൽ ലോക്സഭയുടെ മേശപ്പുറത്ത് വച്ച് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. 1961ലെ ആദായ നികുതി നിയമത്തിന്റെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുള്ള ബില്ലാണ് അവതരിപ്പിച്ചത്. പഴയ ആദായ നികുതി നിയമം ലഘൂകരിച്ച് നികുതിദായകർക്ക് നികുതി അടയ്ക്കുന്നതും റിട്ടേൺ ഫയൽ ചെയ്യുന്നതും എളുപ്പമാക്കുന്നത് ലക്ഷ്യമിട്ടാണ് പുതിയ നിയമം വരുന്നത്.

സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന വിധത്തിൽ ലളിതമായാകും പുതിയ നിയമം. എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാനാവുക, നൂലാമാലകൾ ഒഴിവാക്കി നികുതി റിട്ടേൺ സമർപ്പണം സുഗമമാക്കുക, തർക്കങ്ങൾ ഒഴിവാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് പുതിയ നിയമം കൊണ്ടുവരുന്നത്.

നിലവിലെ ആദായനികുതി നിയമം 1961 പ്രകാരം റിട്ടേൺ സമർപ്പിക്കാനും നികുതിയടവുകൾക്കും 'അസസ്മെന്റ് ഇയർ', (റിട്ടേൺ/നികുതി സമർപ്പിക്കുന്ന വർഷം) 'പ്രീവിയസ് ഇയർ' (നികുതിബാധകമായ വരുമാനം ലഭിച്ച വർഷം) എന്നീ പദങ്ങൾ ഉപയോഗിക്കാറുണ്ട്. പുതിയ നിയമത്തിൽ അസസ്മെന്റ് ഇയർ ഒഴിവാക്കി. പകരം 'നികുതിവർഷം' (ടാക്സ് ഇയർ) എന്ന പദം മാത്രമാണുള്ളത്.

ഏപ്രിൽ ഒന്നിന് ആരംഭിച്ച് മാർച്ച് 31ന് സമാപിക്കുന്ന സാമ്പത്തികവർഷത്തിന് അനുസൃതമായയാകും ടാക്സ് ഇയറും. മുൻവർഷത്തിനു പകരം 'സാമ്പത്തിക വർഷം' (ഫിനാൻഷ്യൽ ഇയർ) എന്ന പദവും ഉപയോഗിക്കും.

നികുതിവ്യവസ്ഥകളും റിട്ടേൺ ഫയലിങ്ങും എളുപ്പമാക്കാനാണിത്. നിയമത്തിലെ 819 സെക്ഷനുകൾ 536 ആക്കി പുതിയ നിയമത്തിൽ കുറച്ചിട്ടുണ്ടെന്നും നിർമലാ സീതാരാമൻ പറഞ്ഞു. അതേസമയം, ആദായ നികുതി ബിൽ അവതരിപ്പിച്ചതിനു പിന്നാലെ ഏതാനും പ്രതിപക്ഷ എംപിമാർ സഭയിൽനിന്ന് ഇറങ്ങിപ്പോയി.



## ഇന്നത്തെ പരിപാടി

**എറണാകുളം അമൃത ആശുപത്രി:** പീഡിയാട്രിക് എൻഡോസ്കോപ്പിക്ക് സർജൻമാരുടെ 20ാമത് ദേശിയ സമ്മേളനം ' പെസിക്കൺ 2025 ' ഉദ്ഘാടനം രാവിലെ 10 ന്

# കൊച്ചി മെട്രോ ഫേസ് ടു നിർമ്മാണം: വ്യാപാരികളുടെ പ്രതിസന്ധി പരിഹരിക്കണം: കെ.വി.വി.ഇ.എസ് യൂത്ത് വിംഗ്

**കൊച്ചി:** കൊച്ചി മെട്രോയുടെ കലൂർ-ഇൻഫോപാർക്ക് ഫേസ് ടു നിർമ്മാണപ്രർത്തനങ്ങളെ തുടർന്ന് പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള വ്യാപാരികൾ നേരിടുന്ന കടുത്ത പ്രതിസന്ധി ജില്ലാ ഭരണകൂടം ഇടപെട്ട് പരിഹരിക്കണമെന്നും അല്ലാത്ത പക്ഷം ശക്തമായ സമരപരിപാടികളുമായി വ്യാപാരികൾ രംഗത്തറിങ്ങുമെന്നും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് തൃക്കാക്കര നിയോജക മണ്ഡലം പ്രസിഡന്റ് കെ. സി മുരളീധരൻ പറഞ്ഞു. നാടിന്റെ പുരോഗതിക്കുവേണ്ടി കൊണ്ടുവരുന്ന പ്രോജക്ടുകൾക്ക് എക്കാലവും വ്യാപാരികൾ സഹകരിച്ചിട്ടേയുള്ളൂ. മെട്രോ റെയിലിനു വേണ്ടി സ്ഥലമെടുപ്പ് വന്നപ്പോഴും വ്യാപാരികൾ സഹകരിച്ചു.മെട്രോ നിർമ്മാണം മൂലം 600 ഓളം വ്യാപാരികൾ കച്ചവടം കുറഞ്ഞ് വലിയ പ്രതിസന്ധിയിലാണ്.അശാസ്ത്രീയമായ ട്രാഫിക് രീതിമൂലം ജനവും വ്യാപാരികളും നട്ടം തിരിയുകയാണ്. മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ആറുമാസമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കച്ചവടക്കാർ ജില്ലാ കളക്ടർക്കും,മെട്രോ, പോലീസ് അധികാരികൾക്കും നിരവധി തവണ രേഖാമൂലം പരാതി അറിയിച്ചെങ്കിലും നാളിതുവരെ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. ഇനിയും ഇത്തരത്തിൽ മുന്നോട്ടു പോകാൻ കഴിയില്ലെന്നും കെ. സി മുരളീധരൻ പറഞ്ഞു




# എം.ജി. യൂണിവേഴ്സിറ്റി സൈക്ലിങ് അസംപ്ഷൻ ഓവറോൾ ചാമ്പ്യന്മാർ

**തിരുവനന്തപുരം:** എൽ.എൻ.സി.പിയിലുള്ള സൈക്ലിംഗ് വെലോഡ്രോമിൽ വച്ച് നടന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇന്റർക്കോളജിയേറ്റ് സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് തുടർച്ചയായ രണ്ടാം വർഷവും വനിതാ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

അസംപ്ഷന്റെ ജോസിയ ജോസ്, സഞ്ചന വി എസ് എന്നിവർ നാല് സ്വർണ്ണ മെഡലുകൾ വീതം കരസ്ഥമാക്കിയപ്പോൾ ഒന്നാംവർഷ ഡിഗ്രി വിദ്യാർഥിനി അഞ്ജന റോസ്മേരി ജോസി 3 സ്വർണവും രണ്ടു വെള്ളിയും ഒരു മൂന്നാം സ്ഥാനവും നേടി. മൂന്നാം വർഷ ഡിഗ്രി വിദ്യാർഥിനി ആര്യനന്ദ സി ബിനു ഒരു സ്വർണം ഒരു വെള്ളി ഒരു മൂന്നാം സ്ഥാനം കരസ്ഥമാക്കി. അജയ് പീറ്ററാണ് പരിശീലകൻ

# എളമക്കര പുതുക്കലവട്ടം ലൂർദ് മാതാ പള്ളിയിൽ തിരുനാൾ കൊടികയറി



**കൊച്ചി:** എളമക്കര പുതുക്കലവട്ടം ലൂർദ്മാതാ പള്ളിയിൽ ലൂർദ്മാതാവിന്റെ പ്രഥമ കൊമ്പ്രേര്യ തിരുനാൾ കൊടികയറ്റത്തിനും സമൂഹ ദിവ്യബലിക്കും വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യ കാർമികത്വം വഹിച്ചു.പിഒസി ജനറൽ എഡിറ്റർ ഫാ.ഡോ.ജേക്കബ് പ്രസാദ് വചനപ്രഘോഷണം നടത്തി വികാരി ഫാ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, ഫാ. പാട്രിക് ഇലവുങ്കൽ, ഫാ.കുര്യൻ എന്നിവർ സഹകാർമ്മികരായിരുന്നു. ദിവ്യബലിയെ തുടർന്ന് മതബോധന വാർഷികാഘോഷങ്ങളു ടെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത മതബോധന വിഭാഗം ഡയറക്ടർ ഫാ.വിൻസന്റ് നടുവിലപറമ്പിൽ നിർവഹിച്ചു നാളെ 14 വെള്ളിയാഴ്ച വൈകുന്നേരം 5 30 ന് ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ മുഖ്യകാർമികനും ബിസിസി ഡയറക്ടർ ഫാ.യേശുദാസ് പഴമ്പിള്ളി വചനപ്രഘോഷകനും ഫാ.ആന്റണി ബിബു കാടംപറമ്പിൽ വചനപ്രഘോഷകനും ആയിരിക്കും. 15 ശനിയാഴ്ച വൈകുന്നേരം 4 30ന് തിരുസ്വരൂപം എഴുന്നള്ളിക്കൽ 5 30 ന് ദിവ്യബലിക്ക് ഫാ.ഫ്രാൻസിസ് സേവ്യർ താന്നിക്കപറമ്പിൽ മുഖ്യകാർമികനും ഫാ.ബൈജു തറേപ്പറമ്പിൽ വചനപ്രഘോഷകനും ഫാ.ജോസ് റീഗൻ സഹകാർമികനും ആയിരിക്കും. തിരുനാൾ സമാപനദിവസമായ പതിനാറാം തീയതി ഞായറാഴ്ച രാവിലെ 9 30 ന് ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ മുഖ്യകാർമികത്വം വഹിക്കും. ജീവനാദം മാനേജിങ് എഡിറ്റർ ഫാ.കാപ്പിസ്റ്റൺ ലോപ്പസ് വചനസന്ദേശം നൽകും.

# വനിതാ എംഎൽഎമാർക്കും ജീവനക്കാർക്കുമായി നിയമസഭയിൽ സ്ക്രീനിംഗ് നടത്തി



**തിരുവനന്തപുരം:** ആരോഗ്യം ആനന്ദംഅകറ്റാം അർബുദം കാൻസർ സ്ക്രീനിംഗ് ജനകീയ ക്യാമ്പയിനിന്റെ ഭാഗമായുള്ള സ്ക്രീനിംഗിൽ എല്ലാവരും പങ്കാളികളാകണമെന്ന് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ. ആരോഗ്യ വകുപ്പ് കാൻസറിനെതിരെ വലിയൊരു ക്യാമ്പയിനാണ് നടത്തി വരുന്നത്. കാൻസർ തുടക്കത്തിൽ കണ്ടെത്തിയാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും. അതിനാൽ നേരത്തെ സ്ക്രീനിംഗ് നടത്തി കാൻസർ ഇല്ലായെന്ന് ഉറപ്പ് വരുത്തണം. ജപ്പാൻ പോലെയുള്ള വികസിത രാജ്യങ്ങൾ 40 വയസിന് മുകളിലുള്ളവരെ സ്ക്രീൻ ചെയ്യുമ്പോൾ കേരളം 30 വയസ് മുതൽ സ്ക്രീൻ ചെയ്യുന്നുണ്ട്. ഈ രോഗത്തിന് മുമ്പിൽ സമ്പന്നനോ ദരിദ്രനെന്നോ വ്യത്യാസമില്ല. അതിനാൽ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇതിന് മുൻകൈയ്യെടുത്ത ആരോഗ്യ വകുപ്പ് മന്ത്രിയേയും ആരോഗ്യ വകുപ്പിനേയും സ്പീക്കർ അഭിനന്ദിച്ചു. നിയമസഭാ വനിതാ എംഎൽഎമാർക്കും വനിതാ ജീവനക്കാർക്കുമുള്ള കാൻസർ സ്ക്രീനിംഗ് പരിപാടി ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു സ്പീക്കർ

ആളുകൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് ജനപ്രിതിനിധികളുടെ സ്ക്രീനിംഗ് സഹായിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. പലരും അവസാന സ്റ്റേജുകളിലാണ് പരിശോധനയ്ക്ക് എത്തുന്നത്. അതിനാൽ ചികിത്സയും സങ്കീർണമാകുന്നു. വലിയ സാമ്പത്തിക ഭാരവുമാകും. ആദ്യം തന്നെ കാൻസർ കണ്ടുപിടിച്ചാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും എന്ന ആത്മവിശ്വാസവും ബോധ്യവും വളർത്തിയെടുക്കുന്ന ബിഹേവിയറൽ ചേഞ്ചാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി കാൻസർ ഇല്ലായെന്ന് ഉറപ്പ് വരുത്തണം. നിയമസഭയിൽ കാൻസർ സ്ക്രീനിംഗിന് അനുമതി നൽകിയ സ്പീക്കറോടും നിയമസഭാ സെക്രട്ടറിയേറ്റിനോടും മന്ത്രി നന്ദി അറിയിച്ചു.

# പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും, ചരമ നവതി സമാപനവും ഫെബ്രുവരി 16 മുതൽ

**കോട്ടയം :** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരി.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 91 ാം ഓർമ്മപ്പെരുന്നാളിന് ഫെബ്രുവരി 16ന് കോട്ടയം പഴയ സെമിനാരിയിൽ കൊടിയേറും. 16ന് രാവിലെ വി.കുർബാനയ്ക്ക് കൊച്ചി ഭദ്രാസനാധിപൻ അഭി.ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥനയും പെരുന്നാൾ കൊടിയേറ്റും. ഫെബ്രുവരി 18 ചൊവ്വാഴ്ച്ച വൈകീട്ട് 6ന് സന്ധ്യാനമസ്ക്കാരം, തുടർന്ന് ധ്യാനം. 19ന് രാവിലെ 7ന് വി.കുർബാനയ്ക്ക് ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി.ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിക്കും. വൈകീട്ട് 6ന് സന്ധ്യാനമസ്ക്കാരം തുടർന്ന് കൺവൻഷൻ. ഫാ നോബിൻ ഫിലിപ്പ് പ്രസംഗിക്കും. 20ന് ഉച്ചക്ക് 2 മണിക്ക് ചരിത്ര സെമിനാർ. വിഷയം : പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ സ്വാതന്ത്ര്യവും സമാധാനവും. ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ഗ്രന്ഥകാരൻ ശ്രീ.ഡെറിൻ രാജു പ്രബന്ധം അവതരിപ്പിക്കും. സി. കെ കൊച്ചുകോശി രചിച്ച് എം.ഒ.സി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന ധീരോധാത്ത വിശുദ്ധൻ എന്ന പുസ്തകത്തിന്റെ പ്രകാശനം. വൈകിട്ട് 7ന് വചന ശുശ്രൂഷ ഫാ. ഡോ ജേക്കബ് മാത്യു കാരിച്ചാൽ. 21ന് വൈകീട്ട് 6ന് സന്ധ്യാനമസ്ക്കാരം.തുടർന്ന് ഫാ.ഡോ.ജോസി ജേക്കബ് പ്രസംഗിക്കും. 22ന് രാവിലെ 7ന് വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ വിശുദ്ധ കുർബാനയർപ്പിക്കും. പെരുന്നാളിനോട് അനുബന്ധിച്ചുള്ള ചരിത്ര ചിത്ര ഫിലോബിബ്ലിക്കാ പ്രദർശന ഉദ്ഘാടനവും അന്നേദിവസം നടക്കും.

23ന് രാവിലെ ഫാ.ഡോ.ജോജി സി ജോർജ് വിശുദ്ധ കുർബാനയർപ്പിക്കും. വൈകുന്നേരം 5 മണിക്ക് കോട്ടയം ചെറിയപള്ളിയിൽ സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് പഴയസെമിനാരിയിലേക്ക് പ്രദക്ഷിണം. 6.45 ന് സെമിനാരിയിൽ സന്ധ്യാനമസ്ക്കാരം. അഭി.എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത അനുസ്മരണ പ്രഭാഷണം നടത്തും. 8.30ന് പ്രദക്ഷിണവും,പദയാത്രകളും സെമിനാരിയിൽ എത്തിച്ചേരും. തുടർന്ന് ധൂപപ്രാർത്ഥന, ശ്ലൈഹിക വാഴ്.

24ന് രാവിലെ 7.30ന് വിശുദ്ധ മൂന്നിന്മേൽ കുർബാന. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ. 10ന് പ്രദക്ഷിണം, കബറിങ്കൽ ധൂപപ്രാർത്ഥന.

വിശുദ്ധ കുർബാനയ്ക്ക് ശേഷം ചാപ്പലിൽ വെച്ച് നടക്കുന്ന ഭവന നിർമ്മാണ സഹായ വിതരണം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ നിർവഹിക്കും.അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി ശ്രീ. റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, ഭവന നിർമ്മാണ സഹായ സമിതി കൺവീനർ ജിജു പി വർഗീസ് എന്നിവർ പങ്കെടുക്കും.

തുടർന്ന് കൊടിയിറക്കോടെ ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾ സമാപിക്കുമെന്ന് പഴയ സെമിനാരി മാനേജർ ഫാ.ജോബിൻ വർഗീസ് അറിയിച്ചു.

# ഉമാ തോമസ് ആശുപത്രി വിട്ടു



**കൊച്ചി:** ഉമാ തോമസ് ആശുപത്രി വിട്ടു. പ്രിയപ്പെട്ട പി.ടി ദൈവത്തോടൊപ്പം നിന്ന് ചേർത്തു നിറുത്തിയതാകാം എന്നെ. ആരോഗ്യവതിയായി മടങ്ങാനാകുന്നതിൽ സന്തോഷം. എത്രയും വേഗം പ്രവർത്തനങ്ങളിലേക്ക് മടങ്ങിയെത്തും..." നിറ ചിരിയോടെയുള്ള ഉമ തോമസ് എം.എൽ.എയുടെ വാക്കുകളെ നിറഞ്ഞ കൈയടിയോടെയാണ് ആശുപത്രി ജീവനക്കാരും പാർട്ടി പ്രവർത്തകരും ബന്ധുക്കളും സ്വീകരിച്ചത്.കലൂർ സ്റ്റേഡിയത്തിലെ നൃത്തപരിപാടിക്കിടെ വീണു പരിക്കേറ്റ് 47ാം ദിവസമായ ഇന്നലെ പാലാരിവട്ടം റിനൈ ആശുപത്രി വിടുന്നതിനു മുമ്പ് മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ഉമ.ഡിസംബർ 29ന് ഉയരത്തിലുള്ള സ്റ്റേജിൽ നിന്ന് വീണ് നട്ടെല്ലിനും ശ്വാസകോശത്തിനും കണ്ണിനുമേറ്റ ഗുരുതര പരിക്കുകളോടെയാണ് ഉമയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഉമ തോമസിന്റെ മനക്കരുത്താണ് വേഗത്തിലുള്ള തിരിച്ചുവരവിന് സഹായകമായതെന്ന് ആശുപത്രി സി.ഇ.ഒയും മാനേജിംഗ് ഡയറക്ടറുമായ കൃഷ്ണദാസ് പോളക്കുളത്തും ഒരു മാസം കൂടി കൃത്യമായ വിശ്രമം വേണമെന്ന് ഡോ. കൃഷ്ണനുണ്ണി പോളക്കുളത്തുംപറഞ്ഞു.കേക്ക് മുറിച്ചും ചികിത്സിച്ച ജീവനക്കാരെല്ലാം ഒപ്പിട്ട ഉപഹാരം സമ്മാനിച്ചുമാണ് ഉമയെ ആശുപത്രിയിൽ നിന്ന് യാത്രയാക്കിയത്..



# പുഞ്ചകൃഷി വിളവെടുപ്പിന് സജ്ജമായി അപ്പർകുട്ടനാടൻ പാടശേഖരങ്ങൾ

**ഹരിപ്പാട്:** നവംബർ മാസത്തിൽ വിതയിറക്ക് ആരംഭിച്ച പാടശേഖരങ്ങൾ വിളവെടുപ്പിന് സജ്ജമായി. വീയപുരം കൃഷിഭവനിലെ മുണ്ടുതോട് പോളത്തുരുത്ത്, ചെറുതനയിലെ തെക്കേ പോച്ച വടക്ക് പാടശേഖരങ്ങളാണ് കൃഷിക്ക് സജ്ജമായത്. മാർച്ച് ആദ്യവാരത്തിൽ തന്നെ ഇവിടെ വിളവെടുപ്പ് ആരംഭിക്കും.

കൊയ്ത്തുമെതി യന്ത്രങ്ങൾ ബുക്ക് ചെയ്യുന്ന തിരക്കിലാണ് പാടശേഖരസമിതികൾ. പുഞ്ച കൃഷി ആദ്യഘട്ട വിളവെടുപ്പ് നടക്കുന്ന പാടം ആയതിനാൽ യന്ത്രക്ഷാമം അനുഭവപ്പെടില്ല എന്നതാണ് കർഷകർക്കും പാടശേഖര സമിതികൾക്കും ഏറെ ആശ്വാസം നൽകുന്നത്. മാർച്ച് അവസാനവാരവും ഏപ്രിൽ ആദ്യവാരവും അധിക പാടശേഖരങ്ങളിലും ഒരുപോലെ വിളവെടുപ്പ് നടത്തേണ്ടിവരുമെന്നതിനാൽ യന്ത്രക്ഷാമം അനുഭവിക്കേണ്ടിവരും.

നിലവിൽ മണിക്കൂറിന് 2000 രൂപയാണ് കൊയ്ത്തുമെതി യന്ത്രത്തിന് കൂലി നിശ്ചയിച്ചിട്ടുള്ളത്. ഇക്കുറി മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വിളവെടുപ്പുമായി ബന്ധപ്പെട്ട് ചില നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അന്തരീക്ഷ ഊഷ്മാവ് കൂടി നിൽക്കുന്നതിനാലും വേനൽമഴ ലഭിക്കാത്തതിനാലും വിള നേരത്തെ തന്നെ കൊയ്ത്തിനു പാകമാകും. ഉമ വിത്ത് കൃഷിയിറക്കിയ കർഷകർക്ക് 105 ദിവസം എത്തുമ്പോഴെ വിളവെടുക്കാൻ കഴിയുമെന്നാണ് നിർദേശം നൽകിയിട്ടുള്ളത്. സാധാരണയിൽ ഉമവിത്തിൻറെ വിളവെടുപ്പ് 125 മുതൽ 130 ദിവസം വരെയാണ്. കുറഞ്ഞത് 20 മുതൽ 25 ദിവസം വരെ മുമ്പേ വിളവെടുക്കാമെന്നാണ് കൃഷി ഉന്നത ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ.

ജലാശയങ്ങളിൽ ഓരിൻറെ അളവ് കൂടുതലുള്ളതിനാൽ പാടശേഖരങ്ങളിൽ വെള്ളം കയറ്റുന്നതുസംബന്ധിച്ചും കർഷകർക്കും പാടശേഖര സമിതികൾക്കും നിർദേശം നൽകിയിട്ടുണ്ട്.

മാർച്ച് 20 ഓടെ പാടശേഖരങ്ങളിൽ വിളവെടുപ്പ് സജീവമാകുമെന്നാണ് കൃഷി ഉദ്യോഗസ്ഥ രുടെയും അഭിപ്രായം.



# മറയൂരിലെ കരിമ്പുകർഷകർ പ്രതിസന്ധിയിൽ

**അടിമാലി:** മറയൂരിലെ കരിമ്പു കർഷകർ പ്രതിസന്ധിയിൽ.ഏറെ പേരുകേട്ടതാണ് മറയൂരിലെ കരിമ്പുകൃഷി. കർഷകർ ഉത്പാദിപ്പിച്ചിരുന്ന മറയൂർ ശർക്കരയ്ക്ക് വർഷങ്ങൾക്ക് മുമ്പേ ഭൗമ സൂചിക പദവി ലഭിക്കുകയും ചെയ്തിരുന്നു. എന്നാലിന്ന് മറയൂരിലെ കരിമ്പ് കർഷകർ വിവിധ പ്രതിസന്ധികൾ അഭിമുഖീകരിക്കുകയാണ്.

കരിമ്പിൻതോട്ടത്തിൽ കൃഷിജോലികൾക്കായി തൊഴിലാളികളെ കിട്ടാനില്ലെന്ന് കർഷകർ പറയുന്നു. തമിഴ്നാട് ശർക്കരയുടെ കടന്നുവരവ് നിയന്ത്രിക്കാനാവാത്തതാണ് മറ്റൊരു പ്രതിസന്ധി. ഇതു മൂലം മറയൂർ ശർക്കര എന്ന പേരിൽ വ്യാജ ശർക്കര വിപണിയിൽ എത്തുന്നത് യഥാർഥ മറയൂർ ശർക്കരയുടെ വിലയിടിവിനു കാരണമാകുകയാണ്.

കാലാവസ്ഥ വ്യതിയാനമാണ് കരിമ്പുകർഷകർ നേരിടുന്ന മറ്റൊരു ഭീഷണി. കഴിഞ്ഞ വർഷമുണ്ടായ കനത്ത വേനലിൽ വലിയ തോതിൽ കരിമ്പ് കൃഷി ഉണങ്ങി നശിച്ചിരുന്നു. ഇതിന് മതിയാം വിധമുള്ള നഷ്ടപരിഹാരം ലഭിച്ചില്ലെന്ന പരാതി കർഷകർക്കുണ്ട്.

കാട്ടുമൃഗ ശല്യവും കരിമ്പ് കർഷകർക്ക് ഭീഷണിയാണ്. പ്രതികൂല സാഹചര്യങ്ങളാൽ കർഷകരിൽ പലരും കൃഷിയിൽനിന്നു പിൻവാങ്ങിയിട്ടുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് മറയൂരിൽ കരിമ്പ് കൃഷി കുറഞ്ഞു. നിലവിലെ സ്ഥിതി തുടർന്നാൽ കൂടുതൽ കർഷകർ കരിമ്പ് കൃഷിയിൽ നിന്നു പിൻവാങ്ങിയേക്കാം എന്നതാണ് സ്ഥിതി.



# അർത്തുങ്കൽ–വേളാങ്കണ്ണി ബസ് സർവീസ് കൂട്ടി

**ചേർത്തല:** കെഎസ്ആർടിസി അർത്തുങ്കൽവേളാങ്കണ്ണി സർവീസ് റൂട്ട് പുനഃക്രമീകരിച്ച് ആഴ്ചയിൽ നാലുദിവസമാക്കി. മന്ത്രി പി. പ്രസാദ് ഗതാഗതമന്ത്രി കെ.ബി. ഗണേഷ് കുമാറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

നേരത്തേ ആഴ്ചയിൽ രണ്ടുദിവസമായിരുന്നു സർവീസ്. സമയം കൂടുതൽ എടുക്കുന്ന തീരദേശ റൂട്ട് ഒഴിവാക്കി ദേശീയപാതയിലൂടെ സർവീസ് നടത്താനാണ് തീരുമാനം. സർവീസിൻറെ കളക്ഷൻ ഒരുമാസം നിരീക്ഷിക്കും. കൃഷിമന്ത്രിയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ ചേർത്തല കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ വനിതാ വിശ്രമ കേന്ദ്രം നിർമിക്കുന്നതിനായി തുടർപ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനിയറെ യോഗം ചുമതലപ്പെടുത്തി. കോവിഡിന് മുമ്പ് ഉണ്ടായിരുന്ന വയലാർ എട്ടുപുരയ്ക്കൽ, തുറവൂർ വളമംഗലം സർവീസുകൾ പുനരാംരംഭിക്കും.

എല്ലാ ദിവസവും രാവിലെ അർത്തുങ്കലിൽ നിന്നു തിരുവനന്തപുരത്തേക്ക് കെഎസ്ആർടിസി സർവീസ് ആരംഭിക്കുന്നതിനും തീരുമാനമായി. രാത്രി അർത്തുങ്കലിൽ തങ്ങി സർവീസ് നടത്തുന്ന രീതിയിലായിരിക്കും ഇത്. രാവിലെയുള്ള എറണാകുളംചെല്ലാനം അന്ധകാരനഴി അർത്തുങ്കൽ വണ്ടാനം മെഡിക്കൽ കോളജ് സർവീസ് വൈകുന്നേരം തിരികെയും ആരംഭിക്കും. ചേർത്തലയിൽ നിന്നും കമ്പത്തേക്കും പഴനിയിലേക്കുമുള്ള സർവീസുകൾ ലാഭകരമാക്കുന്നതിന് റൂട്ട് പുനക്രമീകരിക്കും.



# ഭക്ഷ്യമേള ഇന്നുമുതൽ 16 വരെ

**കോവളം:** കേന്ദ്ര ടൂറിസം വകുപ്പിനുകീഴിലുള്ള കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ ഫണ്ടാംഗോ എന്ന പേരിൽ സംഘടിപ്പിക്കുന്ന ഭക്ഷ്യമേള 14 മുതൽ 16 വരെ നടക്കും. കേന്ദ്രസർക്കാറിൻറെ കീഴിലുള്ള കേരളത്തിലെ ഏക ഹോട്ടൽ മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂഷൻ ആണ് കോവളത്തേത്.

കോവിഡ് കാലത്തെ നിയന്ത്രണങ്ങളെ തുടർന്നു നിറുത്തിവച്ചിരുന്ന ഭക്ഷ്യമേള 2024 മുതലാണു വീണ്ടും പുനരാരംഭിച്ചത്. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസിൽ നടക്കുന്ന ഭക്ഷ്യമേള വിദ്യാർത്ഥികൾക്ക് പഠനത്തിൻറെ ഭാഗമായി ഇവൻറ് പ്ലാനിംഗ്, മാർക്കറ്റിംഗ്, പാചക കലകൾ എന്നിവയിൽ നേടിയെടുത്ത തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള വേദി കൂടിയാണ്.

ആഥിത്യ മര്യാദയുടെ ഭാഗമായി തങ്ങളെ തേടിയെത്തുന്നവരുടെ വയറും മനസും നിറയ്ക്കുക എന്നതും പരിപാടിയുടെ പ്രധാന ലക്ഷ്യമാണ്. ഇതുവഴി നല്ല ഭക്ഷണത്തിനൊപ്പം കേരളത്തിൻറെ കലാരൂപങ്ങൾ ആസ്വദിക്കാനുമാവും. പ്രവേശനം പാസ് മൂലം നിയന്ത്രിക്കുന്ന ഭക്ഷ്യമേളയിലെ കൂടുതൽ വിവരങ്ങൾ അറിയാൻ 9446390828 എന്ന നമ്പറിൽ ബന്ധപ്പെടണം.

## കർഷകരക്ഷാ നസ്രാണി മുന്നേറ്റം 15ന്

ചങ്ങനാശേരി: കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതി അതിരൂപതയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ 15ന് സംഘടിപ്പിക്കുന്ന കർഷകരക്ഷാ നസ്രാണി മുന്നേറ്റ ലോംഗ് മാർച്ചിനും അവകാശ പ്രഖ്യാപന റാലിക്കുമുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു. അന്ന് രാവിലെ ഒമ്പതിന് മങ്കൊമ്പ് ഡോ.എം.എസ്. സ്വാമിനാഥൻ നഗറിൽനിന്നും ലോംഗ് മാർച്ച് ആരംഭിക്കും.ആലപ്പുഴ, മുഹമ്മ, ചെങ്ങന്നൂർ, എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന്, കുടമാളൂർ, ചങ്ങനാശേരി ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ ആയിരക്കണക്കിനു പ്രവർത്തകർ ലോംഗ് മാർച്ചിൽ അണിചേരും.

# അർഹതപ്പെട്ടവർക്ക് മുൻഗണനാ കാർഡ് ലഭ്യമാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് ലഭ്യമാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായി നടപ്പിലാക്കുകയാണെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ. അൻപതിനായിരം മുൻഗണനാ റേഷൻ കാർഡുകളുടെ സംസ്ഥാനതല വിതരണം വഴുതക്കാട് ഗവണ്മെന്റ് വുമൺസ് കോളേജ് ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. അനർഹരുടെ കൈവശമുള്ള മുൻഗണനാ കാർഡുകൾ അർഹരായവർക്ക് നൽകുന്നതിനുള്ള നടപടി സർക്കാരിന്റെ തുടക്കത്തിൽ തന്നെ ആരംഭിച്ചിരുന്നു. പരിശോധനയിലൂടെ അനർഹരുടെ കൈയിൽ നിന്നും ലഭിച്ചതും മാനദണ്ഡങ്ങളിൽ നിന്നും പുറത്തായതും ഉൾപ്പടെയുള്ള അമ്പതിനായിരം മുൻഗണനാ റേഷൻകാർഡുകളാണ് പുതിയ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് 1,54,80,040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപത്) മുൻഗണനാ കാർഡുകളാണ് അനുവദിച്ചിട്ടുള്ളത്. അതായത് ഏകദേശം 43 ശതമാനം പേർ മാത്രമാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റേഷൻ പരിധിയിൽ വരുന്നത്. ബാക്കി 57 ശതമാനം വരുന്ന മുൻഗണനേതര ജന വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ എഫ്.സി.ഐ യിൽ തുക അടച്ച് അരി ലഭ്യമാക്കി റേഷൻ നൽകി വരുന്നു. 2011 സെൻസസിനെ അടിസ്ഥാനമാക്കിയാണ് മുൻഗണനാ അംഗങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. 2011 ന് ശേഷം ജനസംഖ്യയിലുണ്ടായ വർധനവ് പരിഗണിച്ച് കൂടുതൽ പേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും തീരുമാനമായിട്ടില്ല. സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിലനിന്നിരുന്നതും ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനത്തിൽ കുറവുള്ളതും പരിഗണിച്ച് കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും പൊതുവിതരണ കേന്ദ്രം വഴി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കണം. ഈ സർക്കാർ ചുമതലയേറ്റെടുത്ത ശേഷം നാളിതുവരെയായി 55,157 അന്ത്യോദയ അന്നയോജന കാർഡുകളും 4,04,915 പ്രയോറിറ്റി ഹൗസ്ഹോൾഡ് കാർഡുകളും ഉൾപ്പെടെ ആകെ 4,60,072 മുൻഗണനാകാർഡുകളും അർഹരായവർക്ക് നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

കേന്ദ്രസർക്കാർ സൗജന്യമായി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ മുൻഗണനാ വിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യ ചെലവ്, റേഷൻ വ്യാപാരി കമ്മീഷൻ എന്നീ ഇനങ്ങളിലായി വലിയ തുക സംസ്ഥാന സർക്കാർ വഹിക്കുന്നു. സംസ്ഥാന ജനസംഖ്യയുടെ 57 % വരുന്ന മുൻഗണനേതര വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിലകൊടുത്തു വാങ്ങിയാണ് വിതരണം ചെയ്യുന്നത്. 340 കോടിയോളം രൂപ ഈ ഇനത്തിൽ ഒരു വർഷം സംസ്ഥാന സർക്കാർ ചെലവഴിക്കുന്നു. റേഷൻ വ്യാപാരികമ്മീഷൻ ഇനത്തിൽ 282 കോടി രൂപയും ഒരു വർഷം ചെലവഴിക്കുന്നുണ്ട്. സംസ്ഥാനത്തെ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ, വാതിൽപ്പടി ഗതാഗത കൈകാര്യ ചെലവ് തുടങ്ങിയ വകയിൽ ഒരു വർഷം സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത് ഏകദേശം 600 കോടി രൂപയാണ്. ഇതിൽ ഏകദേശം 75 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ വഹിക്കുന്നതെന്നും ബാക്കി 525 കോടി രൂപയും സംസ്ഥാന സർക്കാരാണ് ചെലവഴിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി മേയർ പി കെ രാജു, ഭക്ഷ്യ പൊതുവിതരണ കമ്മിഷണർ മുഹമ്മദ് ഷഫീഖ് തുടങ്ങിയവർ സംസാരിച്ചു. ജില്ലയിലെ പുതിയ അംഗങ്ങൾക്ക് ഭക്ഷ്യ മന്ത്രി മുൻഗണനാ കാർഡുകൾ നൽകി.

# മലയോരപാത ആദ്യ റീച്ചിന്റെ ഉദ്ഘാടനം നാളെ

**കോഴിക്കോട്:** കേന്ദ്രസർക്കാർ സഹായത്തോടെ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമിക്കുന്ന മലയോരപാതയുടെ നിർമാണം പൂർത്തിയായ റീച്ചിന്റെ ഉദ്ഘാടനം ഫെബ്രുവരി 15ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 34 കിലോമീറ്റർ ദൈർഘ്യമുള്ള കോടഞ്ചേരി കക്കാടംപൊയിൽ റീച്ചാണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്. 195 കോടി ചെലവിട്ടാണ് റീച്ചിന്റെ പണി പൂർത്തിയാക്കിയത്. കേരള റോഡ് ഫണ്ട് ബോർഡാണ് പദ്ധതിയുടെ നിർവഹണ ഏജൻസി.



കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ മൈതാനത്ത് വൈകീട്ട് 3 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും. ലിന്റോ ജോസഫ് എംഎൽഎ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുക്കും.

മലയോര പാതയുടെ കോഴിക്കോട് ജില്ലയിൽ പ്രവൃത്തി പൂർത്തീകരിച്ച ആദ്യ റീച്ചാണ് കോടഞ്ചേരി കക്കാടംപൊയിൽ പാത. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മൂന്ന് റീച്ചുകളിലായാണ് പാതയുടെ നിർമാണം നടക്കുന്നത്. ഇതിൽ ഏറ്റവും ദൈർഘ്യമേറിയ റീച്ചാണ് ഇപ്പോൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുന്നത്.

ജില്ലയുടെ മലയോര കാർഷിക മേഖലയ്ക്ക് വലിയ ഉണർവ്വുണ്ടാക്കുന്ന പാത കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ വിലങ്ങാട് കൈവേലി കായക്കൊടി കുറ്റ്യാടി മരുതോങ്കര പെരുവണ്ണാമൂഴി ചക്കിട്ടപാറനരിനട കൂരാച്ചുണ്ട്കല്ലാനോട് തലയാട്കട്ടിപ്പാറ മലപുറം കോടഞ്ചേരി തിരുവമ്പാടി കൂടരഞ്ഞി കൂമ്പാറ കക്കാടംപൊയിൽ എന്നിവിടങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

കൂമ്പാറയിലെയും കൂടരഞ്ഞി വീട്ടിപ്പാറയിലെയും രണ്ട് പാലങ്ങൾ കൂടി ഇതിൽ ഉൾപ്പെടുന്നുണ്ട്. പാതയുടെ ഇരുവശങ്ങളിലും ഓട നിർമിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾ, ഇന്റർലോക്ക് ചെയ്ത നടപ്പാതകൾ, സൗരോർജ വിളക്കുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവയും ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

റോഡ് നിർദിഷ്ട ആനക്കാംപൊയിൽകള്ളാടി തുരങ്ക പാതയിലേക്ക് എത്തുന്ന തിരുവമ്പാടി മറിപ്പുഴ റോഡുമായും ചേരുന്ന ഈ പാത കക്കാടംപൊയിൽ, മലബാർ റിവർ ഫെസ്റ്റിവൽ നടക്കുന്ന ഇരുവിഴിഞ്ഞിപ്പുഴയിലെ ഇലന്തുകടവ്, തുഷാരഗിരി തുടങ്ങിയ വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിലൂടെ ആഭ്യന്തര വിനോദസഞ്ചാര മേഖലയിൽ വലിയ ഉണർവ്വുണ്ടാക്കും. പൂർണമായും ജനങ്ങൾ സൗജന്യമായി വിട്ടു നൽകിയ പ്രദേശത്തുകൂടിയാണ് പാത കടന്നുപോകുന്നത്. സ്ഥലം വിട്ടുനൽകിയവർക്ക് സംരക്ഷണ ഭിത്തി നിർമിച്ചു നൽകി.

ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലൂടെയും കടന്നുപോകുന്ന മലയോരപാത കാസർകോട്ടെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ വ്യാപിച്ചുകിടക്കുന്നതും തന്ത്രപ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതുമായ റോഡാണ്. കേരളത്തിലെ ഏറ്റവും നീളം കൂടിയ സംസ്ഥാന പാതയായ എസ്എച്ച് 59 ആണ് മലയോരപാതയായി നാമകരണം ചെയ്തത്.

സർക്കാർ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ഇതിന്റെ ആകെ നീളം 1,166.27 കിലോമീറ്ററാണ്. 54 റീച്ചുകളിലായി നടത്തുന്ന നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബിയാണ് ധനസഹായം നൽകുന്നത്. 793.68 കിലോമീറ്റർ റോഡിന് 3593 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി നൽകിയിരിക്കുന്നത്. 506.73 കിലോമീറ്റർ സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്യുകയും അതിൽ 481.13 കിലോമീറ്റർ പ്രവൃത്തി കരാറിൽ ഏർപ്പെട്ട് ആരംഭിക്കുകയും ചെയ്തു.

166.08 കി. മി. റോഡിന്റെ നിർമാണം ഇതുവരെ പൂർത്തിയായി. 1288 കോടി രൂപ ഇതുവരെ മലയോര പാതയുടെ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 250 കിലോമീറ്റർ മലയോര ഹൈവേയുടെ നിർമാണം 2025 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് പൊതുമരാമത്ത് വകുപ്പു മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു.

12 മീറ്റർ വീതിയിൽ രണ്ടുവരിയായി പൂർണമായും ബിഎംബിസി നിലവാരത്തിൽ നിർമിക്കുന്ന മലയോര പാതയിൽ മെച്ചപ്പെട്ട റോഡ് പ്രതലവും മാർക്കിംഗുകളും അടിസ്ഥാന സുരക്ഷാ സംവിധാനങ്ങളും ഉണ്ടാകും.

റോഡിന്റെ അടിത്തറ ശക്തിപ്പെടുത്തി കൂടുതൽ കാലം നിലനിൽക്കുന്ന ഫുൾ ഡെപ്ത് റെക്ലമേഷൻ (എഫ്ഡിആർ) ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ മലയോര പാതയുടെ നിർമാണത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

# റവന്യൂ പ്രോപ്പർട്ടി കാർഡ് പദ്ധതിക്ക് രണ്ട് കോടി അനുവദിച്ചു

**തിരുവനന്തപുരം:** റവന്യൂ വകുപ്പ് തയ്യാറാക്കാനുദ്ദേശിക്കുന്ന ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് പദ്ധതിക്ക് സംസ്ഥാന ബജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ചു. നിയമസഭയിൽ റവന്യൂ മന്ത്രി കെ രാജന്റെ ധനാഭ്യർത്ഥന പരിഗണിച്ച് ധനമന്ത്രി കെ എൻ ബാലഗോപാലാണ് ബജറ്റ് ചർച്ചയുടെ മറുപടിയിൽ ഡിജിറ്റൽ പ്രോപ്പർട്ടി കാർഡിന് തുക വകയിരുത്തിയതായി പ്രഖ്യാപിച്ചത്.

റവന്യൂ വകുപ്പിന്റെയും സർക്കാരിന്റെയും ജനകീയ പദ്ധതിയാണ് ഒരു വ്യക്തിയെ സംബന്ധിക്കുന്ന ഭൂമി ഉൾപ്പെടെയുള്ള എല്ലാ ആസ്തിവിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ്. 2026 ജനുവരിയോടെ മുഴുവൻ ഭൂവുടമകൾക്കും കാർഡ് ഉറപ്പാക്കാനാണ് റവന്യൂ വകുപ്പ് ലക്ഷ്യമിടുന്നത്. അധികമായി പട്ടയ മിഷന് കൂടുതൽ തുകയും വകയിരുത്തിയിട്ടുണ്ട്. നിലവിൽ 3 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ഇതിന് പുറമേ 2 കോടി രൂപയാണ് അധികമായി അനുവദിക്കുന്നതെന്ന് ധനമന്ത്രി പ്രഖ്യാപനത്തിൽ പറഞ്ഞു.

ഡിജിറ്റൽ സർവ്വേ പ്രവർത്തനത്തിൽ കേരളം രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. നാഷണൽ കോൺക്ലേവ് ഓൺ ഡിജിറ്റൽ സർവ്വേ ആന്റ് ഇന്റഗ്രേറ്റഡ് പോർട്ടൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കാൻ 25 ലക്ഷം രൂപ വകയിരുത്തുന്നതായും ധനമന്ത്രി പ്രഖ്യാപിച്ചു.

ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തു നിന്നുള്ള റവന്യൂ, സർവ്വെ വകുപ്പ് മന്ത്രിമാരും പങ്കെടുക്കുന്നതാണ് ഡിജിറ്റൽ സർവ്വെ കോൺക്ലേവ്. റവന്യൂ വകുപ്പ് നൽകിവരുന്ന ഡിജിറ്റൽ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തുന്നതിനായി ഒരു ഇസാക്ഷരതാ ക്യാമ്പയിന് തുടക്കം കുറിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കോടി രൂപയും ബജറ്റിൽ വകയിരുത്തുന്നതായും ധനമന്ത്രി പ്രഖ്യാപിച്ചു.

# 13.62 കോടിയുടെ ഹെൽത്ത് ഗ്രാന്റ് പദ്ധതികൾക്ക് അംഗീകാരം

**കൊച്ചി:** ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 13.62 കോടിയുടെ ഹെൽത്ത് ഗ്രാന്റ് പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം നൽകി. ജില്ലാ ആസൂത്രണ സമിതി ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അംഗീകാരം നൽകിയത്.

ജില്ലയിലെ 11 ബ്ലോക്ക് പഞ്ചായത്തുകളിലായി 3.84 കോടിയുടെ ഹെൽത്ത് ഗ്രാൻഡ് പദ്ധതികൾക്കും 70 ഗ്രാമപഞ്ചായത്തുകളിലായി 7.31 കോടിയുടെ പദ്ധതികൾക്കുമാണ് അംഗീകാരം നൽകിയത്. ഒൻപത് മുൻസിപ്പാലിറ്റികളിലായി 2. 46 കോടിയുടെ പദ്ധതികൾക്കും അംഗീകാരം നൽകി.

2025-2026 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനിമൽ ബെർത്ത് കണ്ട്രോൾ പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ചും യോഗത്തിൽ അവലോകനം ചെയ്തു. നിലവിൽ മുളന്തുരുത്തി, വടവുകോട് ബ്ലോക്കുകൾക്ക് പുറമെ ആലുവയിലും സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി. അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ, 29 ഗ്രാമ പഞ്ചായത്തുകൾ, ഏഴ് മുൻസിപ്പാലിറ്റികൾ എന്നിവ ചേർന്നാണ് പദ്ധതി ആരംഭിക്കുന്നത്. 2025 26 വർഷത്തിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും 100 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കാനാണ് ലക്ഷ്യമിടുന്നത്.

27 ഗ്രാമ പഞ്ചായത്തുകളിൽ വയോജന പാർക്ക്, ഭിന്നശേഷിക്കാർക്ക് എബിലിറ്റി സെന്റർ, ലൈഫ് സ്ഥലം വാങ്ങൽ, ശുചിത്വ മാലിന്യ സംസ്കരണം സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിജയഭേരി സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുന്നത് സംബന്ധിച്ചും യോഗത്തിൽ ചർച്ച ചെയ്തു.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പിറവം മുൻസിപ്പാലിറ്റി സമർപ്പിച്ച പദ്ധതികൾക്കും യോഗത്തിൽ അംഗീകാരം നൽകി. പിറവം മുൻസിപ്പാലിറ്റി എംസിഎഫ് പുനരുദ്ധാരണം നവീകരണം തുടങ്ങിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 1.28 കോടിയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്.

# റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒമ്പത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 202526 അധ്യയന വർഷം അഞ്ചാം ക്ലാസിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു. രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 2,00,000/ രൂപയോ അതിൽ കുറവുള്ളതോ ആയ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ജാതി, വരുമാനം, ഇപ്പോൾ പഠിക്കുന്ന ക്ലാസ്, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, നിലവിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാകുന്ന ഗ്രേസ് റിപ്പോർട്ട് എന്നിവ സഹിതം പ്രൊമോട്ടർ മുഖേനയോ, നേരിട്ടോ ജില്ലാ പട്ടികജാതി വികസന ഓഫീസ്/ ബ്ലോക്ക്/നഗരസഭ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലോ സമർപ്പിക്കേണ്ടതാണ്. ഫെബ്രുവരി 20നകം അപേക്ഷകൾ സമർപ്പിക്കണം.പ്രവേശനം ക്ഷണിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ: ആലുവ എം.ആർ.എസ് (ആൺ)മീഡിയം മലയാളം, പുന്നപ്ര എം.ആർ.എസ്(പെൺ)മീഡിയം മലയാളം, വടക്കാഞ്ചേരി എം.ആർ.എസ് (ആൺ) മീഡിയം മലയാളം, ചേലക്കര എം.ആർ.എസ് (ആൺ)മീഡിയം ഇംഗ്ലീഷ്, തൃത്താല എം.ആർ.എസ് (പെൺ) മീഡിയം മലയാളം, കുഴൽമന്ദം എം.ആർ.എസ് (ആൺ )മീഡിയം ഇംഗ്ലീഷ്, മരുത്തോൻകര എം.ആർ.എസ് (പെൺ)മീഡിയം ഇംഗ്ലീഷ്, വെള്ളച്ചാൽ ആൺ)മീഡിയം മലയാളം.




# കേപ്ടൗൺ

പുതുമുഖങ്ങളായ അഖിൽ രാജ്,അനന്ദു പടിക്കൽ,അനീഷ് പ്രകാശ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ശിവരാജ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന കേപ് ടൗൺ എന്ന ചിത്രത്തിന്റെ പോസ്റ്റർ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പ്രകാശനം നിർവഹിച്ചു. കോവൂർ കുഞ്ഞുമോൻ എംഎൽഎ, സംവിധായകൻ ശിവരാജ്, നിർമാതാവ് ദിലീപ്കുമാർ ശാസ്താംകോട്ട, അഖിൽ രാജ് എന്നിവർ സന്നിഹിതരായിരുന്നു. 2016 മുതൽ 2024 വരെയുള്ള ഒരു കാലഘട്ടത്തിന്റെ കഥ പറയുന്ന ഈ ചിത്രത്തിൽ നെൽസൺ ശൂരനാടും ഒരു പ്രധാന കഥാപാത്രമായി അഭിനയിക്കുന്നുണ്ട്. കാലഘട്ടത്തിനനുസരിച്ച് പല സീനുകളും റിയലായിട്ടണ് ചിത്രീകരിച്ചിട്ടുള്ളത്. രാജാ രാജേശ്വരി ഫിലിംസിന്റെ ബാനറിൽ ദിലീപ് കുമാർ ശാസ്ത്താംകോട്ട നിർമ്മിക്കുന്ന ഈ ചിത്രത്തിൽ കോവൂർ കുഞ്ഞുമോൻ എം എൽ എ, കായംകുളം എം എൽ എ യു പ്രതിഭ എന്നിവർ പ്രധാനപ്പെട്ട കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മുകേഷ് എം എൽ എ, നൗഷാദ് എം എൽ എ, മിനിസ്റ്റർ ചിഞ്ചു റാണി, മുൻ എം പി സോമപ്രസാദ്, കൊല്ലം മുൻ ഡിസിസി പ്രസിഡന്റ് ബിന്ദു കൃഷ്ണ,വൈസ് പ്രസിഡന്റ് സൂരജ് രവി, മുൻ ബിജെപി സംസ്ഥാന അദ്ധ്യഷൻ കുമ്മനം രാജശേഖരൻ എന്നിവരും ഈ ചിത്രത്തിന്റെ ഭാഗമായിട്ടുണ്ട്.

പ്രകൃതിയുടെ സംരക്ഷണത്തിൽ യുവതലമുറയ്ക്കുള്ള പ്രാധാന്യം അവരെ ബോധ്യപെടുത്തുന്ന ശക്തമായ സന്ദേശമുള്ള ഈ ചിത്രത്തിൽ ദളപതി വിജയുടെ ആരാധകർക്കും പ്രധാന്യം നൽകുന്നുണ്ട്.

ശ്യാം ഏനാത്ത്, സുജ തിലക രാജ് എന്നിവർ എഴുതിയ വരികൾക്ക് പുതുമുഖ സംഗീത സംവിധായകൻ ദിലീപ് ബാബു ഈണമിട്ട മൂന്ന് ഗാനങ്ങൾ രവീന്ദ്രൻ മാഷിന്റെ മകൻ നവീൻ മാധവ് (പോക്കിരി ഫെയിം) കായംകുളം എം എൽ എ പ്രതിഭ, ഐഡിയ സ്റ്റാർ സിംഗർ ഫെയിം പ്രണവ് പ്രശാന്ത്,ദിലീപ് ബാബു, സൗമിയ എം. എസ്, രാജൻ ഇരവിപുരം, വിനായക് വിജയൻ, ഹരിലേക്ഷ്മൻ, ലക്ഷ്മി എം എന്നിവർ ആലപിക്കുന്നു.ജോഷുവ എഴുതിയ കവിതകൾ കോവൂർ കുഞ്ഞുമോൻ എം എൽ എ,ദിൽപ് കുമാർ ശാസ്താം കോട്ട എന്നിവർ ആലപിക്കുന്നു. അലങ്കാർ കൊല്ലം, വിജിൻ കണ്ണൻ എന്നിവർ ഛായാഗ്രഹണം നിർവഹിക്കുന്നു. വിഎഫ്എക്സ്മായാൻസ് സ്റ്റുഡിയോ തിരുവനന്തപുരം, ബിജിഎംശ്രീക്, പി ആർ ഒഎ എസ് ദിനേശ്,ബി വി അരുൺ കുമാർ.




# പരിവാർ

ജഗദീഷ്, ഇന്ദ്രൻസ്, പ്രശാന്ത് അലക്സാണ്ടർ, മീനരാജ്, ഭാഗ്യ, ഋഷികേശ് തുടങ്ങിയവരെ കഥാപാത്രങ്ങളാക്കി ഉത്സവ് രാജീവ്,ഫഹദ് നന്ദു എന്നിവർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'പരിവാർ' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.സോഹൻ സീനുലാൽ,പ്രമോദ് വെളിയനാട്,ഉണ്ണി നായർ,ഷാബു പ്രൗദീൻ,ആൽവിൻ മുകുന്ദ്,വൈഷ്ണവ്, അശ്വത്ത് ലാൽ, ഹിൽഡ സാജുഉണ്ണിമായ നാലപ്പാടം, ഷൈനി വിജയൻ, ശോഭന വെട്ടിയാർ എന്നിവരാണ് മറ്റു നടീനടന്മാർ.ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസിന്റെ ബാനറിൽ ആൻ സജീവ്,സജീവ് പി കെ എന്നിവർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അൽഫാസ് ജഹാംഗീർ നിർവഹിക്കുന്നു.

പ്രണയം, ഖൽബ്,ഗോളംയുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള,കിണർ, കേണി തുടങ്ങി ഏഴോളം സിനിമകൾ നിർമിച്ച സിനിമ നിർമാണകമ്പനിയാണ് ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസ്.സന്തോഷ് വർമ്മ എഴുതിയ വരികൾക്ക് ബിജിബാൽ സംഗീതം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസുധീർ അമ്പലപ്പാട്, പ്രൊഡക്ഷൻ കൺട്രോളർ സതീഷ് കാവിൽ കോട്ട, കല ഷിജി പട്ടണം, വസ്ത്രലങ്കാരം സൂര്യ രാജേശ്വരീ,മേക്കപ്പ്പട്ടണം ഷാ, എഡിറ്റർ വി എസ് വിശാൽ, ആക്ഷൻ മാഫിയ ശശി, സൗണ്ട് ഡിസൈൻ എം ആർ കരുൺ പ്രസാദ്,ചീഫ് അസോസിയേറ്റ് ഡയറക്ടർകെ ജി രജേഷ്കുമാർ, അസോസിയേറ്റ് ഡയറക്ടർസുമേഷ് കുമാർ, കാർത്തിക്, അസിസ്റ്റന്റ് ഡയറക്ടർ ആന്റോ, പ്രാഗ് സി,സ്റ്റിൽസ് രാംദാസ് മാത്തൂർ,വിഎഫ്എക്സ്അജീഷ് തോമസ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ശിവൻ പൂജപ്പുര.മുഴുനീള ഹാസ്യ സിനിമയായ പരിവാർ മാർച്ച് ഏഴിന് പ്രദർശനത്തിനെത്തുന്നു.പി ആർ ഒഎ എസ് ദിനേശ്.

# യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള

അരുൺ വൈഗ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, പൃഥ്വിരാജ് സുകുമാരൻ, ദുൽഖർ സൽമാൻ തുടങ്ങിയവരുടെ സോഷ്യൽ മീഡിയ പേജിലൂടെ റിലീസ് ചെയ്തു.രഞ്ജിത്ത് സജീവ്,േ ജാണി ആന്റണി, ഇന്ദ്രൻസ്, മനോജ് കെ ജയൻ, ഡോക്ടർ റോണി, മനോജ് കെ യു,സംഗീത,മീര വാസുദേവ്,മഞ്ജു പിള്ള, സാരംഗി ശ്യാം, തുടങ്ങിയവർക്കൊപ്പം അൽഫോൻസ് പുത്രൻ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസ്, പൂയപ്പള്ളി ഫിലിംസ് എന്നീ ബാനറിൽ ആൻ, സജീവ്,അലക്സാണ്ടർ മാത്യു എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം

സിനോജ് പി അയ്യപ്പൻ നിർവഹിക്കുന്നു.മൈക്ക്,ഖൽബ്, ഗോളം എന്നി ചിത്രങ്ങൾക്ക് ശേഷം രഞ്ജിത്ത് സജീവ് നായക കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രമാണിത്.ശബരീഷ് വർമ്മ എഴുതിയ വരികൾക്ക് രാജേഷ് മുരുകേശൻ (നേരം,പ്രേമം ഫെയിം)സംഗീതം പകരുന്നു.

എഡിറ്റർഅരുൺ വൈഗ.ലൈൻ പ്രൊഡ്യൂസർഹാരിസ് ദേശം,പ്രൊഡക്ഷൻ കൺട്രോളർറിനിദിവാകർ,കലസുനിൽ കുമരൻ, മേക്കപ്പ്ഹസ്സൻ വണ്ടൂർ,വസ്ത്രാലങ്കാരം മെൽവി ജെ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്




വിനോഷ് കൈമൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർ കിരൺ റാഫേൽ,സ്റ്റിൽസ്ബിജിത്ത് ധർമ്മടം, പരസ്യക്കലഓൾഡ്മോങ്ക്സ്. ഈരാറ്റുപേട്ട,വട്ടവട, കൊച്ചി, ഗുണ്ടൽപേട്ട്, തിരുവനന്തപുരം, ചെന്നൈ എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള ' ഏപ്രിൽ പതിനേഴിന് പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്

# സുമതി വളവ് മെയ് 8 ന്

വിഷ്ണു ശശി ശങ്കർ സംവിധാനം ചെയ്യുന്ന സുമതി വളവ് മെയ് 8 നു തിയേറ്ററുകളിലേക്കെത്തും. മാളികപ്പുറം ചിത്രത്തിന്റെ ടീം വീണ്ടും ഒന്നിക്കുന്ന ചിത്രത്തിന്റെ തിരക്കഥ അഭിലാഷ് പിള്ളയും സംഗീത സംവിധാനം രഞ്ജിൻ രാജും നിർവഹിക്കുന്നു. ബിഗ് ബഡ്ജറ്റിൽ ഒരുങ്ങുന്ന സുമതിവളവ് മുരളി കുന്നുംപുറത്തിന്റെ വാട്ടർമാൻ ഫിലിംസിനോടൊപ്പം തിങ്ക് സ്റ്റുഡിയോസും ചേർന്നാണ് നിർമ്മിക്കുന്നത്. തൊണ്ണൂറുകളുടെ പശ്ചാത്തലത്തിൽ കഥ പറയുന്ന ചിത്രം ഹൊറർ കോമഡി ഗണത്തിലാണ് ഒരുങ്ങുന്നത്. സുമതിവളവിന്റെ അവസാന ഷെഡ്യൂൾ ഇപ്പോൾ നടക്കുകയാണ്. ഡ്രീം ബിഗ് ഫിലിംസാണ് സുമതിവളവിന്റെ ഓൾ കേരളാ വിതരണം നിർവഹിക്കുന്നത്. അർജുൻ അശോകൻ, ബാലു വർഗീസ്, ഗോകുൽ സുരേഷ്, സൈജു കുറുപ്പ്, സിദ്ധാർഥ് ഭരതൻ, ശ്രാവൺ മുകേഷ്, നന്ദു, മനോജ് കെ യു, ശ്രീജിത്ത് രവി, ബോബി കുര്യൻ, അഭിലാഷ് പിള്ള, ശ്രീപഥ് യാൻ, ജയകൃഷ്ണൻ, കോട്ടയം രമേശ്, സുമേഷ് ചന്ദ്രൻ, ചെമ്പിൽ അശോകൻ, വിജയകുമാർ, ശിവ അജയൻ, റാഫി, മനോജ് കുമാർ, മാസ്റ്റർ അനിരുദ്ധ്, മാളവിക മനോജ്, ജൂഹി ജയകുമാർ, ഗോപിക അനിൽ, ശിവദ, സിജ റോസ്, ദേവനന്ദ, ജെസ്നിയ ജയദീഷ്, സ്മിനു സിജോ, അശ്വതി അഭിലാഷ് എന്നിവരാണ് സുമതി വളവിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.മ്യൂസിക് 24 X7 ആണ് സുമതിവളവിന്റെ ഓഡിയോ റൈറ്റ്സ് കരസ്ഥമാക്കിയത്. ദി പ്ലോട്ട് പിക്ചേഴ്സാണ്




സുമതി വളവിന്റെ ഓവർസീസ് വിതരണാവകാശികൾ.ശങ്കർ പി വി ഛായാഗ്രഹണം നിർവഹിക്കുന്ന സുമതിവളവിന്റെ എഡിറ്റർ ഷഫീഖ് മുഹമ്മദ് അലിയാണ്.

സൗണ്ട് ഡിസൈനർ എം.ആർ. രാജാകൃഷ്ണൻ, ആർട്ട് അജയ് മങ്ങാട്, പ്രൊഡക്ഷൻ കൺട്രോളർ ഗിരീഷ് കൊടുങ്ങല്ലൂർ, ചീഫ് അസ്സോസിയേറ്റ് ഡയറക്റ്റർ ബിനു ജി നായർ, വസ്ത്രാലങ്കാരം സുജിത്ത് മട്ടന്നൂർ , മേക്കപ്പ് ജിത്തു പയ്യന്നൂർ, സ്റ്റിൽസ് രാഹുൽ തങ്കച്ചൻ, ടൈറ്റിൽ ഡിസൈൻ ശരത് വിനു,വി എഫ് എക്സ് : ഐഡന്റ് വി എഫ് എക്സ് ലാബ്, പി ആർ ഓ ആൻഡ് മാർക്കറ്റിങ് കൺസൽട്ടന്റ് പ്രതീഷ് ശേഖർ.

## യു. ഐ. സി. നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻ ഷിപ്പ് : അബ്ദുൽ അഹദിന് സ്വർണ മെഡൽ



**കൊച്ചി:**യു. ഐ. സി. നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻ ഷിപ്പിൽ ഇടപ്പള്ളി അൽ അമീൻ പബ്ലിക് സ്കൂൾ വിദ്യാർത്ഥി അബ്ദുൽ അഹദിന് സ്വർണ മെഡൽ.കോഴിക്കോട് വി. കെ കൃഷ്ണമേനോൻ സ്റ്റേഡിയത്തിൽ നടന്ന യു. ഐ സി നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിലാണ് ദേശീയ തലത്തിൽ മികച്ച താരങ്ങളോട് ഏറ്റുമുട്ടി പതിനൊന്നാം ക്ലാസ്സ് വിദ്യാർത്ഥിയായ അബ്ദുൽ അഹദ് സ്വർണ മെഡൽ നേടിയത്.

## അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** ഐ.ടി. രംഗത്ത് ഒരു ജോലി നേടാൻ സഹായിക്കുന്ന സാങ്കേതികവിദ്യകളിൽ നൈപുണ്യം നൽകാനായി ഐ.സി.ടി. അക്കാദമി ഓഫ് കേരളയും ലോസ് ആൻഡെസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയും സഹകരിച്ച് ഇൻഡസ്ട്രി റെഡിനസ് പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നു. തൊഴിൽരംഗത്ത് നിലവിൽ ഏറെ സാധ്യതകളുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ്, സൈബർ സെക്യൂരിറ്റി എന്നിവയിലാണ് ഈ ഓഫ്ലൈൻ കോഴ്സുകൾ നൽകുക. സാങ്കേതികവിദ്യാധിഷ്ഠിതമായ തൊഴിൽ വിപണിക്ക് യോജിച്ച ആഗോളാംഗീകാരമുള്ള പാഠ്യപദ്ധതിയാണ് ഇതിനായി സ്വീകരിക്കുന്നത്.125 മണിക്കൂർ ഇന്റേൺഷിപ്പിനൊപ്പം മൂന്ന് മാസം (375 മണിക്കൂർ) നീണ്ടുനിൽക്കുന്ന ഈ സർട്ടിഫൈഡ് സ്പെഷ്യലിസ്റ്റ് പ്രോഗ്രാമുകൾ മികച്ചൊരു പഠനാനുഭവം വാഗ്ദാനം ചെയ്യുന്നു. വ്യവസായ മേഖലയ്ക്ക് ആവശ്യമായ പരിശീലനം, പതിവ് പ്രവൃത്തിദിന ക്ലാസുകൾ, അഭിമുഖങ്ങൾ നേരിടുന്നതിന് ആവശ്യമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള മൊഡ്യൂളുകൾ എന്നിവയാണ് ഈ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അധികൃതർ വ്യക്തമാക്കി. യഥാർത്ഥ സാഹചര്യങ്ങളിൽ പഠിതാക്കൾക്ക് അവരുടെ അറിവ് പ്രയോഗിക്കാൻ അനുവദിക്കുന്ന ഒരു ക്യാപ്സ്റ്റോൺ പ്രോജക്റ്റോടെയാണ് പ്രോഗ്രാമുകൾ അവസാനിക്കുന്നത്. എറണാകുളത്തെ കച്ചേരിപ്പടിയിലെ ഹോളി ഫാമിലി ചർച്ചിലെ ലോസ് ആൻഡെസ് ഹബ്ബിലാണ് ക്ലാസുകൾ നടക്കുക. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: ictkerala.org/forms/interestla പ്രോഗ്രാമുകൾക്കായി 2025 ഫെബ്രുവരി 22 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: +91 62 828 76659 എന്ന നമ്പരിലോ ictkochi@ictkerala.org എന്ന ഇമെയിലിലോ ബന്ധപ്പെടുക.



## ഡോ ദീപക് കുമാർ സാഹുവിന് യാത്രയയപ്പ് നൽകി

**കൊച്ചി:** ഒഡിഷ ബുർലയിലെ വീർ സുരേന്ദ്ര സായി സർവകലാശാല വൈസ് ചാൻസലർ ആയി നിയമിതനായ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് മുൻ പ്രിൻസിപ്പലും സേഫ്റ്റി ആൻഡ് ഫയർ എഞ്ചിനീയറിങ് പ്രൊഫസറുമായ ഡോ. ദീപക് കുമാർ സാഹുവിന് യാത്രയയപ്പ് നൽകി. കുസാറ്റ് വൈസ് ചാൻസലർ ഡോ. ജുനൈദ് ബുഷിരി സ്കൂൾ ഓഫ് എൻജിനീയറിങ്ങിൻറെ പേരിൽ ഉപഹാരം സമർപ്പിച്ചു. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പൽ ശോഭ സൈറസ്, കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ.കെ സാജു, ഫാക്ട് ചെയർ ഡോ. ജി. മധു സേഫ്റ്റി ആൻഡ് ഫയർ വിഭാഗം മേധാവി ഡോ. വി.ആർ രഞ്ജിത് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

കുസാറ്റിലെ പൂർവവിദ്യാർത്ഥികൂടിയായ ഡോ. സാഹു സർവകലാശാലയിൽ നിന്ന് എംടെക്. ഐഐടി റൂർക്കിയിൽ നിന്ന് സ്ട്രക്ചറൽ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി എന്നിവ പൂർത്തിയാക്കിയ ശേഷം കുസാറ്റിൽ നിന്ന് തന്നെ എൽഎൽബി ഒന്നാം റാങ്കോടെ കരസ്ഥമാക്കി. കൊച്ചു തൊമ്മൻ മെമ്മോറിയൽ ഗോൾഡ് മെഡൽ ജേതാവ് കൂടിയായ ഡോ. സാഹു 2001 ൽ ആണ് കുസാറ്റിൽ റീഡർ ആയി നിയമിതനാകുന്നത്. 2009 ൽ പ്രൊഫസർ ആയും നിയമിതനായി. 2022 മുതൽ 2023 വരെ പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. നിരവധി അന്താരാഷ്ട്ര ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒഡിഷ സ്വദേശി ആണ്. ഭാര്യ റീന. മകൾ ഡോ. ദൃപ്ത സാഹു, പോണ്ടിച്ചേരി ജിപ്മെറിൽ നിന്നും സർജറിയിൽ പി. ജി പൂർത്തിയാക്കി. മകൻ ദിവ്യരൂപ് സാഹു ബിർള ഇൻസ്റ്റിറ്റ്യൂട്ടിൽ നാലാം വർഷ ബി.ടെക് വിദ്യാർത്ഥിയാണ്.

## വേനൽക്കാല രോഗം: മുന്നറിയിപ്പുമായി ആരോഗ്യവകുപ്പ്

**തൊടുപുഴ:** ജില്ലയിൽ കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പിൻറെ മുന്നറിയിപ്പ്. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ രാവിലെ 11 മുതൽ വൈകുന്നേരം മൂന്നുവരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധ ചെലുത്തണം. വെയിലേൽക്കുന്നത് സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കും.

പകൽ നേരിട്ട് വെയിലേൽക്കുന്ന തൊഴിൽ ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം. ശരീരത്തിലെ ജലനഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം.

**പ്രതിരോധം**

ശാരീരിക അസ്വസ്ഥതകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണം. വളരെ ഉയർന്ന ശരീര താപനില, വേഗത്തിലുള്ള ഹൃദയമിടിപ്പ്, വറ്റിവരണ്ട ചുവന്ന ചർമം, ശക്തമായ തലവേദന, തലകറക്കം, ഓക്കാനം, ബോധക്ഷയം, കഠിനമായ ക്ഷീണം എന്നിവ തോന്നിയാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശറിയോ, ഫാനോ, എസിയോ ഉപയോഗിക്കുക. അടുത്ത ആരോഗ്യ കേന്ദ്രത്തിലെത്തി ചികിത്സ തേടുക എന്നിവ അഭികാമ്യം.

ചൂടു കുരു, പേശി വലിവ്, ചർമ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂടു കാലത്ത് കൂടുതലായി കാണപ്പെടുന്നു. ചൂടുകുരു ഉണ്ടായാൽ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ എപ്പോഴും ഈർപ്പ രഹിതമായി സൂക്ഷിക്കുകയും വേണം

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

രാവിലെ 11 മുതൽ വൈകുന്നേരം മൂന്നുവരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്. അയഞ്ഞ, ഇളംനിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക. പുറത്തിറങ്ങുന്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുക. ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുക. തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കുക. കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.

ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക. തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സലാഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്. ചൂടിൻറെ കാഠിന്യം കുറയ്ക്കാൻ പകൽസമയത്ത് വീടിൻറെ വാതിലുകളും ജനലുകളും തുറന്നിടുക. വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.

**ജോലി സമയം പുനഃക്രമീകരിച്ചു**

വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സൂര്യാതപം ഏൽക്കാൻ സാധ്യതയുള്ളതിനാൽ അവരുടെ ജോലി സമയം പുനഃക്രമീകരിച്ച് ലേബർ കമ്മീഷണർ ഉത്തരവിട്ടു. മെയ് 10 വരെ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഉച്ചയ്ക്ക് 12 മുതൽ മൂന്നു വരെ വിശ്രമ വേളയായിരിക്കും. രാവിലെ ഏഴു മുതൽ വൈകുന്നേരം ഏഴു വരെ എട്ട് മണിക്കൂറായി ജോലി സമയം നിജപ്പെടുത്തി.

ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് രാവിലത്തെ ഷിഫ്റ്റ് ഉച്ചക്ക് 12ന് അവസാനിക്കുന്ന തരത്തിലും ഉച്ചയ്ക്ക് ശേഷം വൈകുന്നേരം മൂന്നിന് ആരംഭിക്കുന്ന തരത്തിലും പുന:ക്രമീകരിക്കണം. തൊഴിലുടമകൾ ഈ രീതിയിൽ ക്രമീകരണം നടത്തണം. വീഴ്ച വരുത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കും.



## മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തോട്ടണ്ടി വാങ്ങുമെന്ന് കാഷ്യു ബോർഡ്

**കൊല്ലം:** രാജ്യത്തെ തോട്ടണ്ടി ഉൽപാദക സംസ്ഥാനങ്ങളിൽ നിന്നും ഇടെൻഡറിലൂടെ പച്ച തോട്ടണ്ടി വാങ്ങാൻ കാഷ്യൂ ബോർഡ് തീരുമാനിച്ചു. തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ തോട്ടണ്ടി സംസ്കരണം ആരംഭിച്ചതോടെ തോട്ടണ്ടി യഥാസമയം ലഭിക്കുന്നില്ല. തോട്ടണ്ടിയുടെ വില കൂടിയെന്നു മാത്രമല്ല, ഗുണനിലവാരം കുറയുകയും ചെയ്തു. ഇതോടെയാണ് ഇ ടെൻഡറിലൂടെ തോട്ടണ്ടി വാങ്ങാൻ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ കാഷ്യൂ ബോർഡ് തീരുമാനിച്ചത്. ഇതുവരെ വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തിനുള്ളിൽ നിന്നും മാത്രമാണു തോട്ടണ്ടി വാങ്ങിയിരുന്നത്.

ഓരോ സംസ്ഥാനത്തെയും സഹകരണ സംഘങ്ങളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നുമാകും തോട്ടണ്ടി വാങ്ങുക. കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും ഉൽപാദക സ്ഥാപനങ്ങളിൽ നിന്നും കാഷ്യൂ ബോർഡ് തോട്ടണ്ടി വാങ്ങും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തോട്ടണ്ടി കൃഷി ചെയ്യുന്ന സംസ്ഥാനം ഒഡിഷയാണ്. ആന്ധ്രപ്രദേശ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമുണ്ട്.കേരളം അഞ്ചാം സ്ഥാനത്താണ്. മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, ഒഡീഷ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ 2 ലക്ഷം ടൺ വരെ തോട്ടണ്ടി വരെ വർഷം ഉൽപാദിപ്പിക്കുമ്പോൾ കേരളത്തിൽ അത് 76000 ടൺ മാത്രമാണ്. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളും ഫാക്ടറികളും പ്രവർത്തിക്കണമെങ്കിൽ വർഷം ഏകദേശം 4 ലക്ഷം ടൺ തോട്ടണ്ടി വേണം. രാജ്യത്തെ തോട്ടണ്ടി ഉൽപാദക സംസ്ഥാനങ്ങളിലെ ആകെ ഉൽപാദനം ഏകദേശം 8 ലക്ഷം ടൺ ആണ്. കശുമാവ് കർഷകർക്കു ന്യായമായ വില ലഭിക്കാനും കശുമാവ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടിയാണ് കാഷ്യൂ ബോർഡ് വിവിധ സംസ്ഥാനങ്ങളിൽ നിന്നു തോട്ടണ്ടി വാങ്ങാൻ തീരുമാനിച്ചത്. സംസ്ഥാന സർക്കാർ തോട്ടണ്ടി കിലോഗ്രാമിന് 110 രൂപ വില പ്രഖ്യാപിച്ചിട്ടുണ്ട്. വരും നാളുകളിൽ ഇന്ത്യയ്ക്കകത്തു തന്നെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുകയും തോട്ടണ്ടി സംഭരിക്കുകയും ചെയ്തു സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ കഴിയുമെന്നു കണ്ടാണു ഈ ആവശ്യം സർക്കാരിനു മുന്നിൽ അവതരിപ്പിച്ചതെന്നു ചെയർമാൻ എസ്. ജയമോഹൻ പറഞ്ഞു. കാഷ്യൂ ബോർഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എ. അലക്സാണ്ടർ, കോർപറേഷൻ മാനേജിങ് ഡയറക്ടർ കെ. സുനിൽ ജോൺ, കാപ്പെക്സ് മാനേജിങ് ഡയറക്ടർ എം.പി സന്തോഷ് കുമാർ, സിജു ജേക്കബ്, പി. വിനയൻ എന്നിവരും പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ലുലുമാളിൽ പൂക്കാലം വന്നു

**കൊച്ചി:** പൂക്കളുടെ വൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്ന പുഷ്പമേളയ്ക്ക് കൊച്ചി ലുലുമാളിൽ തുടക്കമായി. നടി ശ്രീന്ദ ഫ്‌ളവർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ലുലു മാളിലെ എട്രിയത്തിലും ഒന്നാം നിലയിലുമായിട്ടാണ് വ്യത്യസ്തതരം പുഷ്പ സസ്യങ്ങളുടെ ശേഖരവുമായി പുഷ്പമേള തുടങ്ങിയത്. ഫല സസ്യങ്ങളും, വിദേശ രാജ്യങ്ങളിൽ കണ്ടുവരുന്ന പുഷ്പങ്ങളും മേളയിൽ പ്രദർശനത്തിനുണ്ട്. ബോഗെയിൻവില്ല, വ്യത്യസ്തതരം ഓർക്കിഡുകൾ, കുറഞ്ഞ പ്രായത്തിൽ തന്നെ കായ്ഫലം നൽകുന്ന ഫല സസ്യങ്ങൾ എന്നിവ മേളയിലുണ്ട്. കൂടാതെ ഹാങ്ങിങ് ഫ്‌ളവേഴ്‌സ്, ബഡ്‌സ് ഫ്‌ളവേഴ്‌സ് തുടങ്ങി പൂക്കളിലെ വ്യത്യസ്തതകൾ നേരിട്ട് കണ്ട് മനസിലാക്കാനും വാങ്ങുവാനും സാധിക്കും.

തനി നാടൻ മലയാളി പുഷ്പങ്ങളായ തെറ്റിയും, തെച്ചിയും, ചെമ്പരത്തി തുടങ്ങി, കടലാസ് ചെടി വരെ മേളയിലെ നാട്ടിൻപുറംകാരാണ്. ഓർക്കിഡുകളുടെ വൈവിധ്യവും പൂന്തോട്ടം അലങ്കരിക്കാൻ സന്ദർശകരെ സഹായിക്കും. കുറഞ്ഞ ചിലവിൽ വീടിന്റെ ഉദ്യാനം അലങ്കരിക്കാൻ പാകത്തിലുള്ള പുഷ്പ സസ്യങ്ങളാണ് മേളയിലെ എടുത്ത് പറയുന്നവ. 16ന് ലുലു ഫ്‌ളവർ ഫെസ്റ്റ് സമാപിക്കും. ലുലു ലിറ്റിൽ പ്രിൻസ്, ലിറ്റിൽ പ്രിൻസസ് മത്സരത്തിന്റെ റാമ്പ് വാൽക്ക് 16ന് നടക്കും. വിജയികൾക്ക് 10,000 രൂപ ക്യാഷ് അവാർഡ് കൈമാറും. ലുലു മാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ലുലു ഹൈപ്പർ ജനറൽ മാനേജർ ജോ പൈനേടത്ത്, മാൾ മാനേജർ റിജേഷ് ചാലുപ്പറമ്പിൽ, സെക്യൂരിറ്റി മാനേജർ കെ.ആർ.ബിജു, മാർക്കറ്റിങ്ങ് മാനേജർ എസ്.സനു. എസ്.ഒ.എച്ച് മാനേജർ ടിറ്റി തോമസ്, ലുലു റീട്ടെയിൽ ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് തുടങ്ങിയവർ സന്നിഹിതരായി.

# മണപ്പുറം ഫിനാൻസിന് 453.39 കോടി രൂപ അറ്റാദായം; 5 .78 ശതമാനം വർധന

**കൊച്ചി :** നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് (സബ്സിഡിയറികൾ ഉൾപ്പെടാതെ ഉള്ള കമ്പനിയുടെ) 453.39 കോടി രൂപ അറ്റാദായം നേടി. മുൻ വർഷം ഇതേ പാദത്തിലെ 428.62 കോടി രൂപയിൽ നിന്നും 5.78 ശതമാനം വാർഷിക വർധനയാണ് രേഖപ്പെടുത്തിയത്. 2024 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തികളുടെ മൂല്യം 18.31 ശതമാനം വാർഷിക വർധനയോടെ 32,426.13 കോടി രൂപയിലെത്തി. മുൻ വർഷമിത് 27,407.11 കോടി രൂപയായിരുന്നു.

രണ്ടു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1 രൂപ നിരക്കിൽ ഇടക്കാല ലാഭവിഹിതം വിതരണം ചെയ്യാനും കമ്പനി ഡയറക്ടർമാരുടെ ബോർഡ് യോഗം തീരുമാനിച്ചു.

കമ്പനിയുടെ സംയോജിത പ്രവർത്തന വരുമാനം 11.04 ശതമാനം വർധിച്ച് 2,559.72 കോടി രൂപയിലെത്തി. മുൻ വർഷമിത് 2305.28 കോടി രൂപയായിരുന്നു. സംയോജിത സ്വർണ വായ്പാ പോർട്ട്ഫോളിയോ 18.05 ശതമാനം വർധിച്ച് 24,504.30 കോടി രൂപയിലെത്തി. മുൻ വർഷമിത് 20,757.88

MANAPPURAM FINANCE LIMITED
Make Life Easy

കോടി രൂപയായിരുന്നു. കമ്പനിയുടെ ബ്രാഞ്ചുകളുടെ എണ്ണം 1.34 ശതമാനം വർധിച്ചു 5,357 എത്തി. മുൻ വർഷമിത് 5,286 ആയിരുന്നു. 2024 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 24.7 ലക്ഷം സജീവ സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്. മുൻ വർഷത്തെക്കാൾ 5.16 ശതമാനം വർധനവാണുള്ളത്.

'കമ്പനിയുടെ പ്രവർത്തന വരുമാനം 11.04 ശതമാനം വർധിച്ചത് ശുഭസൂചനയാണ്. നികുതി കഴിഞ്ഞുള്ള ലാഭത്തിന് (ജഅഠ) ചില പ്രതികൂല ഘടകങ്ങൾ ഉണ്ടായെങ്കിലും കമ്പനിയുടെ ആകെ ബിസിനസ് വളർച്ചയുടെ പാതയിലാണ്. മൊത്തം ആസ്തി മൂല്യം 18.31 ശതമാനമെന്ന, ആരോഗ്യകരമായ വളർച്ച നേടി. സ്വർണ വായ്പയുടെ മൊത്തം ആസ്തി മൂല്യം 18.05 ശതമാനത്തിലേക്ക് എത്തിക്കാനായി. ആശിർവാദ് മൈക്രോഫിനാൻസിന് ആർബിഐ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കഴിഞ്ഞ ജനുവരിയിൽ നീക്കിയതോടെ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുമെന്നും വരുന്ന പാദങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിക്കുമെന്നും മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാർ പറഞ്ഞു.

'ഡിസംബർ 31ലെ കണക്കനുസരിച്ച്, കമ്പനിയുടെ മൊത്തം ആസ്തി 12,776.25 കോടി രൂപയാണ്. മൂലധന പര്യാപ്തത അനുപാതം 29.88 ശതമാനമെന്ന, ശക്തമായ നിലയിൽ തുടരുന്നു. ഉയർന്ന തോതിലുള്ള വായ്പ വളർച്ച, കമ്പനി തുടർച്ചയായി നടത്തുന്ന ശക്തമായ വിപണി സാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്' അദ്ദേഹം കൂട്ടിച്ചേർത്തു

കമ്പനിയുടെ വാഹന വായ്പാ വിഭാഗത്തിന്റെ ആസ്തി മൂല്യം 5,085 കോടി രൂപയിലെത്തി. 4.9 ശതമാനം വളർച്ചയാണ് കൈവരിച്ചത്. കമ്പനിയുടെ കളക്ഷൻ കാര്യക്ഷമത 94 ശതമാനവും , കമ്പനിയുടെ മൊത്ത നിഷ്ക്രിയ ആസ്തി 5 ശതമാനമാണ്. കമ്പനിയുടെ ഭവനവായ്പാ ബിസിനസ്സിൽ ആസ്തി മൂല്യം 1778 കോടി രൂപയായി ഉയർന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 5.1 ശതമാനം വർധനവാണു രേഖപ്പെടുത്തിയത്.

# ഫ്രഞ്ച് ഫിലിം ഫെസ്റ്റിവൽ ആരംഭിച്ചു

**കൊച്ചി :** അലിയോൺസ് ഫ്രാൻസെസ് തിരുവനന്തപുരത്തിൻറെ നാൽപ്പത്തഞ്ചാം വാർഷികത്തോടനുബന്ധിച്ചു അലിയോൺസ് ഫ്രാൻസെസിന്റെയും ചാവറ കൾച്ചറൽ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫ്രഞ്ച് ഫിലിം ഫെസ്റ്റിവൽ ആരംഭിച്ചു.സേവ്യർ ജീയാനോലി സംവിധാനം ചെയ്ത ലോസ്റ്റ് ഇല്യൂഷൻസ് ,നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയ സിനിമ , ഇംഗ്ലീഷ് സബ്ടൈറ്റിലോടുകൂടിയാണ് ചാവറ ലൈബ്രറി ഹാളിൽ, പ്രദർശിപ്പിച്ചത്. അലിയോൺസ് ഫ്രാൻസെസ് ഡയറക്ടർ, മാർഗോ മീഷോ , കൾച്ചറൽ റിസർച്ച് ഡോ. കരോളിൻ ട്രെന്റോ , ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., അലിയോൺസ് കൾച്ചറൽ കോഡിനേറ്റർ രശ്മി ബി.എസ്. , ഈവ വുട്ട്സ് എന്നിവർ പ്രസംഗിച്ചു.

ഫെബ്രുവരി 14 ന് ഫോർട്ട് കൊച്ചി ഡേവിഡ് ഹാളിലും ഫെബ്രുവരി 20 ന് ചാവറ കൾച്ചറൽ സെന്ററിൽ വൈകുന്നേരം 6 മണിക്ക് ഗാലൻറ് ഇൻഡീസ് പ്രദർശിപ്പിക്കും.

# യുടിഐ: ആസ്തികൾ 9600 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ വാല്യൂ ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 9600 കോടി രൂപ കടന്നതായി 2025 ജനുവരി 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫണ്ടിന്റെ ഏകദേശം 67 ശതമാനം ലാർജ് ക്യാപ് ഓഹരികളിലും ബാക്കിയുള്ളത് മിഡ്, സ്മോൾ ക്യാപ് ഓഹരികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, ഇൻഫോസിസ് ലിമിറ്റഡ്, ഭാരതി എയർടെൽ ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, ആക്സിസ് ബാങ്ക് ലിമിറ്റഡ്, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലിമിറ്റഡ്, ടെക് മഹീന്ദ്ര ലിമിറ്റഡ്, മഹീന്ദ്ര ആൻറ് മഹീന്ദ്ര ലിമിറ്റഡ് തുടങ്ങിയവയിലാണ് ഏകദേശം 43 ശതമാനം വരുന്ന നിക്ഷേപവും.2005ലാണ് യുടിഐ വാല്യൂ ഫണ്ട് പദ്ധതി ആരംഭിച്ചത്. ഇക്വിറ്റി പോർട്ട്ഫോളിയോ സൃഷ്ടിക്കാനും ദീർഘകാല മൂലധന വളർച്ച ആഗ്രഹിക്കുന്നവരുമായ നിക്ഷേപകർക്ക് യുടിഐ വാല്യൂ ഫണ്ട് അനുയോജ്യമാണ്. വിപണി സാഹചര്യങ്ങൾക്ക് അനുസരിച്ച് ഇടത്തരം മുതൽ ദീർഘ കാലയളവ് വരെ ന്യായമായ വരുമാനം ലക്ഷ്യമിടുന്ന മിതമായുള്ള റിസ്ക് പ്രൊഫൈലുള്ള നിക്ഷേപകർക്കും ഈ ഫണ്ട് അനുയോജ്യമാണ്.

# വെൻ ഓൺ വീൽസുമായി വുമൺ ഓൺട്രപ്രണർ നെറ്റ്‌വർക്ക്

**കൊച്ചി:** വുമൺ ഓൺട്രപ്രണർ നെറ്റ്‌വർക്ക് (വെൻ) കൊച്ചി ഫെബ്രുവരി 15ന് വനിതാ സംരംഭകർക്ക് കാർ ട്രഷർ ഹണ്ട് 'വെൻ ഓൺ വീൽസ്' നടത്തും. കോസ്റ്റൽ സ്റ്റാർ ബെൻസ് ഷോറൂമിൽ നിന്നും ഷീല കൊച്ചൗസെഫ് ഫ്ളാഗ് ഓഫ് ചെയ്യുന്ന കാർ ട്രഷർ ഹണ്ട് 52 കിലോമീറ്ററുകൾ താണ്ടി കുമരകം റിഥം റിസോർട്ടിലാണ് അവസാനിക്കുക.വിനോദ യാത്രയോടൊപ്പം സ്വാതന്ത്ര്യത്തിന്റെയും സഹകരണത്തിന്റെയും സംരംഭകത്വ മനോഭാവത്തിന്റെയും ആഘോഷമാണ് വെൻ ഓൺ വീൽസ് എന്ന് സംഘാടകർ പറഞ്ഞു. പ്രശ്നപരിഹാരനൈപുണ്യങ്ങൾ, ടീമിന്റെ കൂട്ടായ്മ, മനോധൈര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും സഹായിക്കും. സംരംഭക വിജയത്തിന് അത്യാവശ്യമുള്ളഗുണങ്ങൾ അതിലൂടെ സ്ത്രീകൾക്ക് നേടാനാകും.ട്രഷർ ഹണ്ട് എന്നതിനപ്പുറം ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന അവസരം കൂടിയാണ് വെൻ ഓൺ വീൽസ്. സ്ത്രീ സംരംഭകർ പലപ്പോഴും ബിസിനസിന്റെയും കുടുംബത്തിന്റെയും വ്യക്തിഗത ആഗ്രഹങ്ങളുടെയും ചുമതലകൾ താങ്ങി ഒറ്റയ്ക്കായാണ് പ്രവർത്തിക്കുന്നത്. ഈ പരിപാടി അവരെ ദൃഢമായ കൂട്ടായ്മയിലേക്ക് ആകർഷിക്കുകയും പരസ്പരം പിന്തുണയ്ക്കാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. യാത്രക്കിടയിലെ അനുഭവങ്ങൾ ദീർഘകാല സൗഹൃദങ്ങൾക്കും പ്രൊഫഷണൽ ബന്ധങ്ങൾക്കും അടിസ്ഥാനമാകും.

സ്ത്രീകൾ ബിസിനസിലും ജീവിതത്തിലും അവരുടെ യാത്രയുടെ നിയന്ത്രണം സ്വന്തമാക്കാൻ പ്രേരിപ്പിക്കുന്ന ഒരു പ്രസ്ഥാനമാണ് വെൻ എന്നും സംഘാടകർ വ്യക്തമാക്കി.



# കിംസ്ഹെൽത്ത് സന്ദർശിച്ച് ആർസിപിഎസ്ജി ഭാരവാഹികൾ

**തിരുവനന്തപുരം:** ലോകത്തെ മുൻനിര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനായ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ആൻഡ് സർജൻസ് ഓഫ് ഗ്ലാസ്ഗോ (ആർസിപിഎസ്ജി) പ്രസിഡന്റ് ഡോ. ഹാനി എറ്റീബ, വൈസ് പ്രസിഡന്റ് (മെഡിക്കൽ) ഡോ. എറിക് ലിവിംഗ്സ്റ്റൺ എന്നിവർ തിരുവനന്തപുരം കിംസ്ഹെൽത്തിൽ സന്ദർശനം നടത്തി. ഫിസിഷ്യൻമാർക്കും മറ്റ് മെഡിക്കൽ പ്രാക്ടീഷണർമാർക്കും ഫെലോഷിപ്പുകളും അംഗത്വ അവസരങ്ങളും വാഗ്ദാനം ചെയ്യുന്ന ഒരു ഇൻസ്റ്റിറ്റ്യൂഷനാണ് റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ആൻഡ് സർജൻസ്. ആരോഗ്യ മേഖലയിലെ ആഗോള സഹകരണം, മെന്റർഷിപ്പ് തുടങ്ങിയ വിഷയങ്ങൾ മുൻനിർത്തിയായിരുന്നു സന്ദർശനം. മെഡിക്കൽ വിദ്യാഭ്യാസരംഗത്തും രോഗീപരിചരണത്തിലും മെഡിക്കൽ അക്കാദമികളുമായുള്ള സഹകരണം കൂടുതൽ ശക്തമാക്കുന്നതിനുള്ള സാധ്യതകൾ സന്ദർശനത്തിൽ ചർച്ചയായി. മെഡിക്കൽ വിദ്യാഭ്യാസവും തൊഴിൽപരമായ മികവിനെയും പരിപോഷിപ്പിക്കുന്നതിൽ റോയൽ കോളേജിന്റെ ഇടപെടലുകളുടെ പ്രാധാന്യത്തെക്കുറിച്ച് ഡോ. ഹാനി എറ്റീബ വ്യക്തമാക്കി. ഭാവിയിൽ വൈദ്യശാസ്ത്ര വിജ്ഞാനത്തിനൊപ്പം രോഗീപരിചരണത്തെക്കുറിച്ചുള്ള സമഗ്രമായ സമീപനവും ആരോഗ്യ വിദഗ്ധർക്ക് ആവശ്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആർസിപിഎസ്ജിയും കിംസ്ഹെൽത്തുമായുള്ള പങ്കാളിത്തത്തിന്റെ ഭാഗമായി, ദക്ഷിണേന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര എംആർസിഎസ് ഫൈനൽ പരീക്ഷ തിരുവനന്തപുരം കിംസ്ഹെൽത്തിൽ നടത്തിയിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നായി 80 സർജന്മാർ പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗോൾഡ് ലോൺ ഉപഭോക്താക്കൾക്ക് മുത്തൂറ്റ് മിനിയുടെ ലക്കി ഡ്രോ

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിന്റെ ഗോൾഡ് ലോൺ ഉപഭോക്താക്കൾക്കായി ലക്കി ഡ്രോ നടത്തുന്നു. സ്മാർട്ട് വാച്ചുകൾ, വീട്ടുപകരണങ്ങൾ തുടങ്ങിയ സമ്മാനങ്ങൾ നേടാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. 2025 മാർച്ച് 31 വരെയുള്ള ലക്കി ഡ്രോയിലൂടെ ഉപഭോക്താവുമായുള്ള ബന്ധം ശക്തിപ്പെടുത്താനും പെട്ടെന്ന് പണം ആവശ്യമുള്ളവർക്ക് എളുപ്പത്തിൽ വായ്പ ലഭ്യമാക്കാനുമാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിന്റെ സിഇഒ പി.ഇ. മാത്തായി പറഞ്ഞു.ചെറുകിട വ്യവസായികൾ, ദിവസവേതനക്കാർ, സംരംഭകർ എന്നിവർക്ക് സാമ്പത്തിക ആവശ്യങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ ചെറിയ തുകയുടെ ഗോൾഡ് ലോണുകൾ മുത്തൂറ്റ് മിനി നൽകുന്നുണ്ട്. ഇതിലൂടെ 150 കോടിയിലധികം രൂപയുടെ ബിസിനസ് വളർച്ചയും കമ്പനി പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ ഫലപ്രദമായി വായ്പ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. വായ്പ നൽകുന്നതിനപ്പുറം ഉപഭോക്താക്കൾക്ക് സൗകര്യവും അവർക്ക് ഇണങ്ങുന്ന രീതിയിൽ തടസ്സമില്ലാത്ത വായ്പ അനുഭവവും ലഭ്യമാക്കാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ലക്കി ഡ്രോയ്ക്ക് പുറമേ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക ലഭിക്കുന്ന ഇൻസ്റ്റന്റ് ലോൺ വിതരണം, സുഗമമായ ലോൺ മാനേജ്മെന്റിനായി ഓൺലൈൻ പുതുക്കലും തിരിച്ചടവും, മുഴുവൻ കാലാവധിയിലും പലിശ നിരക്ക് മാറ്റമില്ലാത്ത റിലാക്സ് ഗോൾഡ് ലോൺ, ഉപഭോക്താക്കൾക്ക് ഗോൾഡ് ലോൺ തവണകളായി തിരിച്ചടയ്ക്കാവുന്ന ഫ്ളെക്സിബിൾ തിരിച്ചടവ് പദ്ധതിയായ സൂപ്പർ ഇഎംഐ ലോൺ തുടങ്ങി എളുപ്പത്തിലുള്ള ഡിജിറ്റൽ ലോൺ സേവനങ്ങളും മുത്തൂറ്റ് മിനി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.ലക്കി ഡ്രോയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് അടുത്തുള്ള മുത്തൂറ്റ് മിനി ശാഖ സന്ദർശിക്കുകയോ 1800 2700 212 എന്ന നമ്പറിൽ വിളിക്കുകയോ www.muthoottumini.com വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.

# ഇന്ത്യവുഡ് 2025 മാർച്ച് 6 മുതൽ 9 വരെ ഡൽഹിയിൽ

**കൊച്ചി:** ഫർണീച്ചറുകൾ, വുഡ് എന്നിവയുമായി ബന്ധപ്പെട്ട സമഗ്ര പ്രദർശനമായ ഇന്ത്യ വുഡ് 2025 മാർച്ച് 6 മുതൽ 9 വരെ ഡൽഹി, ഗ്രേറ്റർനോയിഡ ഇന്ത്യ എക്സ്പോ മാർട്ട് ആൻഡ് സെന്ററിൽ വെച്ച് നടക്കും. 50,000 ചതുരശ്ര മീറ്ററിൽ,30 മുതൽ 600ലധികം പ്രമുഖ ബ്രാൻഡുകൾ പ്രദർശനത്തിൽ പങ്കെടുക്കും. വിവിധ ഉൽപന്നങ്ങൾ, ഘടകങ്ങൾ, ഈ മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ വിഭാഗങ്ങൾ എന്നിവയെല്ലാം പ്രദർശനത്തിനുണ്ടാകും. സർഫേസ് ഇൻ മോഷൻ, ഇന്ത്യാ മാട്രസ്ടെക് എക്സ്പോ, അഫോൾസ്റ്ററി പ്രദർശനം, വുഡ് പ്ലസ് ആർക്കിടെക്, ഡിസൈൻ ആന്റ് സർഫസ് തുടങ്ങിയ അനുബന്ധ പ്രദർശനങ്ങളും ഇതോടൊപ്പം നടത്തും. ഈ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ നേരിട്ടു മനസിലാക്കാനുള്ള അപൂർവ്വ അവസരമാണ് ഈ പരിപാടികൾ പ്രദാനം ചെയ്യുന്നതെന്നും ഫർണീച്ചർ ഉൽപാദന മേഖലയിലെ മാറ്റങ്ങൾക്ക് ഒരു ചാലക ശക്തിയായി ഇതു വർത്തിക്കുമെന്നും ന്യൂൻബർഗ് മെസ്സെ ഇന്ത്യ ഗ്രൂപ് ഡയറക്ടർ ശിവകുമാർ വേണുഗോപാൽ പറഞ്ഞു



# ഇഞ്ചിയോൺ കിയ കാഞ്ഞിരപ്പള്ളിയിലും

**കാഞ്ഞിരപ്പള്ളി:** കോട്ടയം കാഞ്ഞിരപ്പള്ളിയിലേക്കും തങ്ങളുടെ സേവനങ്ങൾ വിപുലീകരിച്ച് ഇഞ്ചിയോൺ കിയ. കാഞ്ഞിരപ്പള്ളിയിലെ പുതിയ സർവീസ് ഫെസിലിറ്റിയുടെ ഉദ്ഘാടനം ഇഞ്ചിയോൺ കിയ ഡയറക്ടർമാരായ സെബ മുഹമ്മദ് ബാബു, നയീം ഷാഹുൽ എന്നിവർ ചേർന്ന് നിർവഹിച്ചു. പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ ശശികുമാർ, വാർഡ് മെമ്പർമാരായ കെ.എ സിയാദ്, സിന്ധു മോഹനൻ എന്നിവരും ചടങ്ങിൽ സന്നിഹിതരായി. ഇഞ്ചിയോൺ കിയയുടെ പത്തൊമ്പതാമത്തെ ഫെസിലിറ്റിയാണ് കാഞ്ഞിരപ്പള്ളി 26 ാം മൈലിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. കാഞ്ഞിരപ്പള്ളിയിലും സമീപ പ്രദേശങ്ങളിലുമുള്ള കിയ ഉപഭോക്താക്കൾക്ക് ലോകോത്തര നിലവാരത്തിലുള്ള സർവ്വീസും മറ്റ് ഉപഭോക്തൃ സേവനങ്ങളും ഉറപ്പുനൽകുന്നതിന്റെ ഭാഗമായാണ് ഇഞ്ചിയോൺ കിയയുടെ ഈ വിപുലീകരണം. അത്യാധുനിക സംവിധാനങ്ങളും മികച്ച പരിശീലനം ലഭിച്ച അനുഭവ സമ്പന്നരായ ജീവനക്കാരും അടങ്ങുന്ന ഈ പുതിയ ഫെസിലിറ്റിയിലൂടെ ഏറ്റവും മികച്ച സേവനങ്ങൾ തന്നെ ഉപഭോക്താക്കൾക്ക് ഇഞ്ചിയോൺ കിയ ഉറപ്പുനൽകുന്നു. 14200 സ്ക്വയർ ഫീറ്റോളം വിസ്തൃതിയിൽ സജ്ജമാക്കിയിരിക്കുന്ന ഈ ഫെസിലിറ്റിയിൽ വൈകാതെ കിയ മോഡലുകളുടെ വിൽപ്പനയും ആരംഭിക്കും. കൂടാതെ കിയ വാഹനങ്ങളുടെ ടെസ്റ്റ് ഡ്രൈവിന് താത്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യങ്ങളുമുണ്ട്.



# വിഗാർഡിന് സംസ്ഥാന ഊർജ്ജ സംരക്ഷണ പുരസ്കാരം

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് സംസ്ഥാനസർക്കാറിന്റെ ഊർജ്ജ സംരക്ഷണ പുരസ്കാരം. ഊർജ്ജ കാര്യക്ഷമതയുള്ള ഉൽപ്പന്നങ്ങളുടെ പ്രമോട്ടർമാർ എന്ന വിഭാഗത്തിലാണ് പുരസ്കാരം. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിയിൽ നിന്ന് സീനിയർ മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ദീപക് അഗസ്റ്റിൻ, സീനിയർ മാർക്കറ്റിംഗ് മാനേജർ സുനിൽ കുമാർ വി.എസ്. തുടങ്ങിയവർ പുരസ്കാരം ഏറ്റുവാങ്ങി. ഊർജ്ജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററാണ് പുരസ്കാരം ഏർപ്പെടുത്തിയത്.

ഊർജസംരക്ഷണത്തിനും പരിപാലനത്തിനുമായി മികച്ച നിലവാരത്തിലും കാര്യക്ഷമതയുള്ളതുമായ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച വിഗാർഡിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് പുരസ്കാരം. ഇൻവേർട്ടർ, ഇലക്ട്രിക് സ്റ്റോറേജ് വാട്ടർ ഹീറ്റർ, സീലിങ്ങ് ഫാൻ, പമ്പുകൾ എന്നിങ്ങനെ നിരവധി ഉൽപ്പന്നങ്ങളാണ് വിഗാർഡിനുള്ളത്.

സംസ്ഥാനസർക്കാർ ഏർപ്പെടുത്തിയ ഊർജ്ജസംരക്ഷണ പുരസ്കാരം ലഭിച്ചതിൽ ഏറെ സന്തോഷവും അഭിമാനമുണ്ടെന്ന് വിഗാർഡ് ഇന്റസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു. ഊർജ്ജത്തിന്റെ ഉപയോഗം കുറയ്ക്കുന്ന കാര്യക്ഷമതയുള്ള ഉൽപ്പന്നങ്ങൾ ഈ കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ തന്നെ ഗവേഷണങ്ങളിലൂടെ നിരവധി ഊർജ്ജ സംരക്ഷണ സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ കമ്പനിക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. മികച്ച ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിച്ച് ഊർജ്ജസംരക്ഷണത്തിന് മഹത്തായ ഉദാഹരണമായി മാറാനുള്ള വിഗാർഡിന്റെ പരിശ്രമങ്ങൾ വരും കാലങ്ങളിലും തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com